കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെമ്മനാട് ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018-19


ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി-6/990/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 06.11.2019.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ് , കാസറഗോഡ്

പ്രസിഡന്റ് ,(സെക്രട്ടറി മുഖേന)

ചെമ്മനാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചെമ്മനാട് ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.ഈ റിപ്പോർട്ടിലെ ഭാഗം 1,ഭാഗം 2,ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് **ഓൺലൈനായി** അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

<u>പകർപ്പ്:</u>

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി 6/990/2019. തിയ്യതി: 06.11.2019.

# കാസർഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

*****

കാസർഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2018 മുതൽ 31-03-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും , സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഉണ്ണി.പി.കെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-08-2019മുതൽ 04-09-2019വരെ |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.ഗോപാല കൃഷ്ണ നായിക് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.വിനോദ് കുമാർ .സി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.തോമസ്.കെ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.കെ.സി.കുഞ്ഞികൃഷ്ണൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.സുനിൽ കുമാർ .എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |

## നിർവഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീ.കല്ലട്ര അബ്ദുൾ ഖാദർ | 01-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീ.അനിൽ കുമാർ.ടി | 01-04-2018 മുതൽ 24-06-2018 വരെ |
| | ശ്രീ.കെ.ടി.റാഷിദ് | |

| | | |
|---|---|---|
| | | 25-06-2018 മുതൽ 16-10-2018വരെ |
| | ശ്രീ.എം.ബാബു (ഇൻചാർജ്) | 17-10-2018 മുതൽ 25-10-2018വരെ |
| | ശ്രീ.എം.ഉണ്ണികൃഷ്ണൻ | 26-10-2018 മുതൽ 31-03-2019 വരെ |

**<u>നിർവഹണ ഉദ്യോഗസ്ഥർ (01-04-2018മുതൽ 31-03-2019 വരെ )</u>**

| ക്രമ.നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | ഫാറൂഖ്.എം.കെ | 01-04-2018 മുതൽ 25-06-2018വരെ |
| | | ബാബു.എം | 26-06-2018 മുതൽ 31-03-2019 വരെ |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | ജിഷി.ആർ | 01-04-2018 മുതൽ 16-01-2019 വരെ |
| | | അനിത.കെ | 17-01-2019 മുതൽ 26-01-2019 വരെ |
| | | ജിഷി.ആർ | 27-01-2019 മുതൽ 31-03-2019വരെ |
| 3 | കൃഷി ഓഫീസർ | ലേഖ.സി.എസ് (അഡീഷണൽ ചാർജ്ജ്) | 01-04-2018 മുതൽ 30-06-2018 വരെ |
| | | സജ്ജ.എസ്.എസ് (അഡീഷണൽ ചാർജ്ജ്) | 01-07-2018 മുതൽ 10-02-2019 വരെ |
| | | ജാനീഷ് റോസ് ജേക്കബ് | 11-02-2019 മുതൽ 31-03-2019 വരെ |
| 4 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | രമണി.എൻ.എ | 01-04-2018 മുതൽ 31-03-2019 വരെ |
| | | ജസീറ.പി | 01-04-2018 മുതൽ 31-03-2019 വരെ |
| 5 | വി.ഇ.ഒ | രാജേഷ്.കെ (ചെമ്മനാട് സർക്കിൾ) | 01-04-2018 മുതൽ 31-03-2019 വരെ |
| | | ജാഫർ.പി.കെ (തെക്കിൽ സർക്കിൾ) | 01-04-2018 മുതൽ 31-03-2019 വരെ |
| 6 | പ്രധാനാധ്യാപകൻ | സുരേന്ദ്രൻ.കെ | 01-04-2018 മുതൽ 31-03-2019 വരെ |
| 7 | വെറ്റിനറി സർജ്ജൻ | ഡോ: അരുണിമ എം.വി | 01-04-2018 മുതൽ 16-11-2018 F/N വരെ |
| | | ഡോ:റുബി അഗസ്റ്റിൻ | 16-11-2018 A/N മുതൽ 12-12-2018 F/N വരെ |
| | | ഡോ:വിജി വിജയൻ | 12-12-2018 A/N മുതൽ 31-03-2019 വരെ |
| 8 | മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ.കായിഞ്ഞി | 01-04-2018 മുതൽ 31-03-2019 വരെ |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.ഫാത്തിമയാസ്മിൻ .കെ.എം | 01-04-2018 മുതൽ 31-03-2019 വരെ |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | മനോഹരൻ വി. | 01-04-2018 മുതൽ 31-03-2019 വരെ |

**ഉള്ളടക്കം**

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| **ഭാഗം I**<br>**ഓഡിറ്റ് റിപ്പോർട്ട്** | | |

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷീക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം ) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകൾ | 1-11 |
| 12 | പാർക്കിംഗ് സ്ഥലത്തിന് കെട്ടിട നമ്പർ നല്കി അസസ്സ്മെന്റ് നടത്തി. | 1-12 |
| 13 | വസ്തു നികുതി വൻ കുടിശ്ശിക | 1-13 |
| 14 | ഡി.&ഒ ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകതകൾ. | 1-14 |
| 15 | കെട്ടിട വാടക കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്ഥീകരിക്കേണ്ടതാണ്. | 1-15 |
| 16 | തൊഴിൽനികുതി | 1-16 |
| 17 | ആശ്രയ ഭവന നവീകരണം- പദ്ധതി നടത്തിപ്പ് -അപാകതകൾ | 1-17 |
| 18 | സർക്കാർ മാർഗ്ഗരേഖ ലംഘിച്ച് കലാകാരൻമാർക്ക് ധനസഹായം അനുവദിച്ച -അപാകതകൾ | 1-18 |
| 19 | വൃദ്ധർക്ക് കട്ടിൽ വിതരണം അപാകതകൾ | 1-19 |
| 20 | കിണർ - ശുചിത്വ കിണറാക്കി മാറ്റൽ-പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 1-20 |
| 21 | ഹരിത കേരള മിഷൻ -പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-21 |
| 22 | ഗ്രന്ഥശാലകൾക്ക് പുസ്തകവിതരണം -നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. | 1-22 |
| 23 | എസ്.എസ്.എ വിഹിതം നല്കിയത് -തുക പൂർണ്ണമായി വനിയോഗിച്ചത് സംബന്ധിച്ച് സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-23 |
| 24 | സ്കൂൾ പ്രവേശനോത്സവം -ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തത് സംബന്ധിച്ച്. | 1-24 |
| 25 | മരാമത്ത് പ്രവൃത്തികളുടെ ആധിക്യം നിർവ്വഹണത്തെയും നടപടിക്രമങ്ങളെയും ബാധിക്കുന്നു. | 1-25 |
| 26 | റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല | 1-26 |
| 27 | ജി.എൽ.പി. സ്കൂൾ പെരുമ്പള ശുചിമുറി നിർമ്മാണം- പദ്ധതി നിർവ്വഹണത്തിൽ അപാകത. | 1-27 |
| 28 | തെരുവ് വിളക്ക് സ്ഥാപിക്കൽ, തെരുവ് വിളക്ക് റിപ്പയർ - വ്യക്തമായ കണക്കില്ലാതെ പ്രൊജക്ടുകൾ നടപ്പാക്കുന്നു. | 1-28 |
| 29 | ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന രസീത് ഹാജരാക്കിയിട്ടില്ല. | 1-29 |
| 30 | ഐ.എസ്.ഒ അംഗീകാരം ലഭ്യമാക്കൽ- അപാകത | 1-30 |
| 31 | ഓഡിറ്റ് ഇംപാക്ട്- 23,100 രൂപ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് അടവാക്കി. | 1-31 |
| **ഭാഗം II**<br><br>**വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | | |

| | | |
|---|---|---|
| 32 | വസ്തു നികുതി നിർണ്ണയത്തിൽ അപാകത. | 2-1 |
| ഭാഗം III<br><br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 33 | പരമ്പരാഗത തൊഴിൽ ചെയ്യുന്നവർക്ക് ധനസഹായം -സബ്സിഡി മാർഗ്ഗരേഖ ലംഘിച്ച് ആനുകൂല്യം നല്കി-അപാകതകള് | 3-1 |
| 34 | സീറോ വേസ്റ്റ് പദ്ധതി നടത്തിപ്പ് അപാകതകള് | 3-2 |
| 35 | ജി.എൽ.പി. സ്കൂൾ പെരുമ്പള ശുചിമുറി നിർമ്മാണം-ടെണ്ടർ കിഴിവ് നടത്താതെയാണ് തുക അനുവദിച്ചു. | 3-3 |
| ഭാഗം IV<br><br>ഓഡിറ്റ് പ്രത്യവലോകനം | | |
| 36 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 37 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 38 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 40 | വായ്പ / വായ്പാതിരിച്ചടവ്. | 4-5 |
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 42 | ഓഡിറ്റ് റിക്കവറി | 4-7 |
| 43 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 44 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 46 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


**<u>അനുബന്ധപത്രികകൾ</u>**

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ്.

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

# 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 28/03/2018ലെ 01നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിത വരവ് |
|---|---|
| മുന്നിരിപ്പ് | 4,07,16,127 |
| വരവ് | 27,30,23,000 |
| ആകെ | 31,37,39,127 |
| ചെലവ് | 30,89,42,000 |

| | |
|---|---|
| നീക്കിയിരിപ്പ് | 47,97,127 |

# 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 22-06.2019 | ഇല്ല | ഇല്ല |

# 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2018-19 |
|---|---|
| മുന്നിരിപ്പ് | 3,42,12,138 |
| വരവ് | 17,47,17,733 |
| ആകെ | 20,89,29,871 |
| ചെലവ് | 11,51,41,042 |
| നീക്കിയിരിപ്പ് | 9,37,88,821 |

# 1-4 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 32393201 | 32393201 | 27454902 | 4938299 | 84.75 |
| വികസനഫണ്ട് എസ്.സി.പി. | | 3247002 | 3247002 | 1429913 | 1817087 | 44.03 |
| വികസനഫണ്ട് ടി.എസ്.പി. | | 606000 | 606000 | 121200 | 484800 | 20 |
| സംരക്ഷണഗ്രാന്റ് റോഡ് | | 10248000 | 10248000 | 9932175 | 315825 | 96.91 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 6249000 | 6249000 | 5671322 | 577678 | 90.75 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 13819000 | 13819000 | 10035055 | 3783945 | 72.61 |
| | ആകെ | 66562203 | 66562203 | 54644567 | 11917634 | |

ഫണ്ട് വിനിയോഗം രസീപ്റ്റ്& പേയ്മെന്റ് പത്രിക പ്രകാരം

| ഫണ്ടിനം | മുൻ | തൻവർഷ | ആകെ | ചെലവ് | നീക്കി |
|---|---|---|---|---|---|

| | ബാക്കി | വരവ് | | | യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 32393201 | 32393201 | 27454902 | 0 |
| വികസന ഫണ്ട് -എസ്.സി.പി | 0 | 3247002 | 3247002 | 1429913 | 0 |
| വികസന ഫണ്ട് -ടി.എസ്.പി | 0 | 606000 | 606000 | 121200 | 0 |
| മെയിന്റനൻസ്, ഗ്രാന്റ് റോഡ് | 0 | 10248000 | 10248000 | 9932175 | 0 |
| മെയിന്റനൻസ്,ഗ്രാന്റ് നോൺ- റോഡ് | 0 | 6249000 | 6249000 | 5671322 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 13819000 | 13819000 | 10035055 | 0 |
| കെ.എൽ.എസ്.ജി.ഡി.പി. (ലോക ബാങ്ക് ) | 0 | 0 | 0 | 0 | 0 |
| ബി ഫണ്ട് (R&P പ്രകാരം) | | | | | |
| തൊഴിലില്ലായ്മ വേതനം | | 203520 | 203520 | 203520 | 0 |
| വിവാഹ ധനസഹായം | | 540400 | 540400 | 540400 | 0 |
| സെൽകൃഷി ഉൽപാദന ബോണസ്സ് | | 90000 | 90000 | 90000 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 309 | 159 | 12 | 138 | 86.79 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2018-19 വർഷ ത്തിൽ നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | 2018-19 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാ നം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 9 | 4957617 | 5 | 2893494 | 58.36% |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 11 | 3669000 | 8 | 2501124 | 68.16% |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 236 | 61314361 | 109 | 22907550 | 37.36% |
| 4 | കൃഷി ഓഫീസർ | 8 | 9408650 | 8 | 5378396 | 57.16% |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 6 | 45876360 | 5 | 28653640 | 62.45% |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 11732707 | 6 | 8494273 | 72.39% |
| 7 | വെറ്റനറി സർജ്ജൻ | 6 | 6370000 | 3 | 2479000 | 38.91% |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 3 | 900000 | 3 | 900000 | 100% |
| 9 | മെഡിക്കൽ ഓഫീസർ | 6 | 1630000 | 5 | 1504864 | 92.32% |

| | | | | | | |
|---|---|---|---|---|---|---|
| | -പി.എച്ച്.സി | | | | | |
| 11 | പ്രധാനാധ്യാപകൻ | 9 | 8760000 | 6 | 6575253 | 75.05% |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1000000 | 1 | 1000000 | 100% |
| 13 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 600000 | 1 | 328000 | 54.66% |
| | ആകെ | 305 | 156218695 | 160 | 83615594 | 53.52% |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 11288 | 1497295 | 1508583 | 1483857 | 24726 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 37371179 | 37371179 | 37371179 | - |
| ആകെ | 11288 | 38868474 | 38879762 | 38855036 | 24726 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2018-19 വർഷം 2100 പദ്ധതികളുൾപ്പെടുന്ന ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. എന്നാൽ തൻ വർഷം 359 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ127531 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ദിനം ലഭിച്ച 864 കുടുബങ്ങളുണ്ട്.

# 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 203520 | 106 |
| കർഷകതൊഴിലാളി പെൻഷൻ | 2812400 | 235 |
| വിധവാപെൻഷൻ | 25625000 | 2287 |
| വാർദ്ധക്യകാലപെൻഷൻ | 33759800 | 3147 |
| വികലാംഗപെൻഷൻ | 1064400 | 891 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 733600 | 66 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 450000 | 15 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-08-2019 തീയതിയിൽ 2.30 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാനിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 25,221 /- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 4 |
| 6 | ക്ലാർക്ക് | 4 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 |
| 8 | പാർട്ട് ടൈം പൗണ്ട് കീപ്പർ | 1 |

2018-2019 സാമ്പത്തിക വർഷം 01.07.2018 മുതൽ 09.12.2018 വരെയും 11.12.2018 മുതൽ 27.01.2019 വരെയും അക്കൗണ്ടന്റിന്റെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. 08.11.2018 മുതൽ 31.01.2019 വരെ ഒരു ക്ലാർക്ക് തസ്തിക ഒഴിഞ്ഞുകിടന്നിരുന്നു. ജീവനക്കാരുടെ കുറവ് ഓഫീസ് പ്രവർത്തനത്തെയും പദ്ധതിനിർവ്വഹണത്തെയും ബാധിക്കുന്നുണ്ട്. ജീവനക്കാരുടെ ഹാജർ പുസ്തകം ശരിയായരീതിയിൽ പരിപാലിക്കുന്നില്ല. സ്ഥലം മാറ്റം സ്ഥാനകയറ്റം എന്നിവ മൂലം ജീവനക്കാർ ജോലിയിൽ നിന്നും വിടുതൽ ചെയ്യുന്നതിന്റെ വിവരങ്ങൾ ഹാജർ പുസ്തകത്തിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ശ്രീ.മുഹമ്മദ് സിദ്ദിഖ് ഗ്രാമപഞ്ചായത്തിൽ 10.12.2018 ന് അക്കൗണ്ടന്റായി ജോലിയിൽ പ്രവേശിച്ചു. ഹാജർ പുസ്തകത്തിൽ അന്നേദിവസം അദ്ദേഹത്തിന്റെ ഹാജർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുടർന്നുള്ള ദിവസങ്ങളിൽ ഹാജർ രേഖപ്പെടുത്തിയിട്ടില്ല. ഹാജർ പുസ്തകത്തിൽ 11.12.2018 മുതൽ 27.01.2019 വരെയുള്ള ദിവസങ്ങളിൽ അക്കൗണ്ടന്റ് തസ്തികയ്ക്കുനേരെയുള്ള കോളങ്ങൾ ഒന്നും എഴുതാതെ ഒഴിച്ചിട്ടിരിക്കുകയാണ്.

01.04.2016 ലെ ഉത്തരവ് നം എ-6/2016 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഓഫീസ് ഉത്തരവിൽ പിന്നീട് പുതിയ ചുമതലകൾ വരുന്നതിന്റെയടിസ്ഥാനത്തിൽ നിരവധി ഉപ ഉത്തരവുകൾ പ്രകാരം കൂട്ടിചേർക്കലുകളുണ്ടായിട്ടുണ്ട്. മൂന്ന് വർഷം മുൻപ് തയ്യാറാക്കിയ ഓഫീസ് ഉത്തരവിൽ സമഗ്രമായ അഴിച്ചു പണികൾ നടത്തി പുതിയ ജോലി വിഭജനം നടത്തണം.

ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങുന്നില്ല. ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ചുവടെ പറയുന്ന ജീവനക്കാരുടെ ശമ്പളം 01.07.2014ന് ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016 പ്രകാരം പരിഷ്കരിച്ചത് അംഗീകാരം വാങ്ങിയിട്ടില്ല.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക |
|---|---|---|
| 1 | ശ്രീമതി.തമ്പായി.സി. | പാർട്ട് ടൈം പൗണ്ട് കീപ്പർ |
| 2 | ശ്രീ.പ്രദീഷ്.എം.കെ. | ഹെഡ് ക്ലാർക്ക് |
| 3 | ശ്രീമതി.റാഷിദ.കെ.എ. | സീനിയർ ക്ലാർക്ക് |

ശ്രീ.വിജയകുമാർ.ബി.വി, 23.07.2019 ന് അസിസ്റ്റന്റ് സെക്രട്ടറിയായി ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചുവെങ്കിലും അദ്ദേഹത്തിന്റെ സേവനപുസ്തകത്തിൽ ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കേണ്ടതാണ്. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ട് മുഖേനയാണ് വിതരണം നടത്തുന്നത്. ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങേണ്ടതാണ്.

എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും ആരും തന്നെ അത് പരിശോധിക്കുന്നില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (staff meeting) 2018-2019 സാമ്പത്തിക വർഷം 8 തവണ ചേർന്നിട്ടുണ്ട്. 25.05.2018ൽ കൂടിയ യോഗത്തിലെടുത്ത തീരുമാനങ്ങൾ മിനട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

ജീവനക്കാരുടെ പെൻഷൻ കോണ്ട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകള് കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട്സുകളും അക്കൗണ്ട് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. അക്കൌണ്ടിന്റെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കുന്നില്ല. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

ചെക്ക് ഇഷ്യൂ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ബാങ്ക്/ട്രഷറി അക്കൌണ്ടുകളുടെ പൊരുത്തപ്പെടുത്തൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റവെയർ മുഖേനയാണ്. സ്ഥാപനം നികുതി പരിവ് കാര്യക്ഷമമായി നടത്തുന്നുണ്ട്. തൻ വർഷം 63.72% നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്.

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന നോർത്ത് ചെമ്പരിക്ക അങ്കണവാടി (സെന്റർ നം-50), കീഴൂർ തെരുവത്ത് അങ്കണവാടി (സെന്റർ നം-51), മാത്തിൽ അങ്കണവാടി (സെന്റർ നം-52) എന്നിവ വാടക കെട്ടിടത്തിലാണ് പ്രവൃത്തിക്കുന്നത്. ഈ സ്ഥാപനങ്ങൾക്ക് സ്ഥിരം കെട്ടിട സംവിധാനം ഒരുക്കണം.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 37 തവണ യോഗം ചേർന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൃത്യമായി യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാർ പങ്കെടുക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25-07-2019 മുതൽ 27-07-2019 വരെ | 01/01/2019 മുതൽ 31/05/2019 വരെ | 03-08-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20-10-2016 മുതൽ 31-10-2016 വരെ | 2010-11 മുതൽ 2015-16 വരെ | 10-01-2018 |

## 1-11 വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകൾ

1. 2017-18വർഷത്തെ വാർഷിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ മുഴുവൻ പരിഹരിച്ചിട്ടില്ല. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെകുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 62 (2) (ഇ),(എഫ്).

2. ദുരിതാശ്വാസ നിധിയിനത്തിൽ 138 രൂപ ബാങ്ക് ബാലൻസുണ്ട്. എന്നാൽ ഈ തുക ബാലൻഷീറ്റിൽ B-2 ൽ (special fund/sinking fund/ trust or agency fund) ഉൾപ്പെടുത്തിയിട്ടില്ല.

3. താഴെ കൊടുത്തിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ റീ-കൺസിലിയേഷൻ പത്രികകളിൽ ആറ് മാസത്തിലധികം പഴക്കമുള്ള ചെക്കുകൾ ഉൾപ്പെടുത്തിക്കാണുന്നു.

| കോഡ് | ബാങ്ക് | AFS പ്രകാരം തുക | 31.3.2018-ലെ നീക്കിയിരിപ്പ് പാസ്ബുക്ക് പ്രകാരം |
|---|---|---|---|
| 450230101 | SBI-Perumbala own fund- 1629 | 3,09,76,632 | 3,09,85,541 |
| 450250110 | SBI Perumbala (ownfund)- 4636 | 23,22,259 | 20,44,333 |
| 450250110 | TSB (ownfund) | 4,66,62,010 | 4,95,35,999 |

4. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ താഴെ പറയുന്ന ശീർഷകങ്ങളിൽ തുക നീക്കിയിരിപ്പുണ്ട്.

| Code No | Particulars | Amount |
|---|---|---|
| 320100115 | Centrally sponsored scheme- total sanitation compaign (TSC) | 3,45,817 |
| 320100127 | Centrally sponsored scheme- national program for rehabilitation of physically disabled(NPRPD) | 4,50,000 |
| 320100299 | Grants, funds & contributions for specific purposes- other central goverment grants- other grants | 40,000 |
| 320200305 | Grants , funds & contributions for specific purposes- other than devalopment fund and state sponsore | 1,500 |
| 320200322 | Grants from suchithwa mission | 10,49,412 |
| 320300103 | Grants , funds & contributions for specific purposes- other goverment agencies- total sanitation | 35,12,000 |
| 320300199 | Grants , funds & contributions for specific purposes- other goverment agencies | 12,50,000 |
| 320400199 | Grants , funds & contributions for specific purposes- other financial instituetions | 1,00,000 |
| 320700104 | Contributions for joint venture projects (for Capital Expenditure) – from Block Panchayats | 44,120 |
| 320700204 | Contributions for joint venture projects (for Revenue Expenditure) – from Block Panchayats | 7,34,761 |
| 320700205 | contributions for specific purposes-(for Capital Expenditure) – from Block Panchayats | 8.904 |
| 320700305 | contributions for specific purposes- (for Capital Expenditure) – from dist Panchayats | 5,00,000 |
| 320700404 | contributions for specific purposes- (for Revenue | 2,33,056 |

| | | |
|---|---|---|
| | Expenditure) – from Block Panchayats | |
| 320700405 | contributions for specific purposes- (for Revenue Expenditure) – from dist Panchayats | 33,000 |
| 320800101 | Beneficiary contributions | 2,04,134 |

നീക്കിയിരിപ്പ് വിവരങ്ങൾ പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

5. വസ്തുനികുതിയുടെ ഡിമാന്റ് രജിസ്റ്റർ സഞ്ചയ അപ്ലിക്കേഷനിൽ ലഭ്യമാണെന്ന് അറിയിച്ചുവെങ്കിലും, പരിശോധനാസമയത്ത് സോഫ്റ്റ് വെയറിൽനിന്നും തൻവർഷത്തെ ഡി.സി.ബിയുടെ സംക്ഷിപ്തം ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി സംബന്ധിച്ച വിശദാംശങ്ങൾ ഡി.സി.ബിയുമായി താരതമ്യം ചെയ്ത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തികളിൽ sundry debtors (receivable ) ആയി കാണിച്ച തുകകൾ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. വസ്തു നികുതി- തൻ വർഷം 79,34,357 രൂപ അക്രൂവൽ വരുമാനമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം അക്രൂവൽ വരുമാനം രേഖപ്പെടുത്താൻ ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6. അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിന് മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുടേയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻ വർഷം ആർജ്ജിച്ച ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടുമില്ല. വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ പരിപാലിച്ചിട്ടില്ല. ബാലൻസ്ഷീറ്റ് (B-11 Schedule) പ്രകാരമുള്ള ആസ്തികളുടെ രേഖപ്പെടുത്തൽ പരിശോധിക്കാനായിട്ടില്ല.

7. 31.03.2019 ലെ ബാലൻസ് ഷീറ്റിൽ 350800299- other liabilities എന്ന ഹെഡിൽ 80,550 രൂപ 01.04.2019 ന് മുന്നിരിപ്പ് തുകയുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

8. State Sponsored Schemes- financial help for widows daughters marriage- ഇനത്തിലെ യഥാർത്ഥ ചെലവ് 5,40,000രൂപയാണ്. ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂൾ I-6 (code no-160100307) പ്രകാരം ഇത് 1,80,000രൂപയാണ്. 3,60,000രൂപയുടെ വ്യത്യാസം ഉണ്ടായിട്ടുണ്ട്.

9. തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് ഫീസ് എന്നീയിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളുടെ വാർഷിക സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്ഥാപനങ്ങൾ, വ്യാപാരികൾ, പ്രൊഫഷണലുകൾ എന്നിവരിൽ നിന്നുള്ള തൊഴിൽ നികുതിയിനത്തിൽ തൻവർഷം 7,31,450 രൂപയുടെ അക്രൂവൽ വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഏതു രേഖ അടിസ്ഥാനമാക്കിയാണ് അക്രൂവൽ രേഖപ്പെടുത്തിയത് എന്ന് വ്യക്തമല്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ക്ലോസ് ചെയ്ത് സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തൊഴിലാളികളിൽ നിന്നുമുള്ള തൊഴിൽ നികുതിയിനത്തിൽ 20,36,040 രൂപ വരവുണ്ട്. എന്നാൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ക്ലോസ് ചെയ്ത് സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

10. അഡ്വാൻസ് രജിസ്റ്റർ സംഗ്രഹമെഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് അഡ്വാൻസുകൾ ക്യാരി ഓവർ ചെയ്തിട്ടില്ല. 2018-19 ൽ രജിസ്റ്റർ ക്ലോസ് ചെയ്തിട്ടില്ല. 31.03.2018 ലെ ബാലൻസ് ഷീറ്റിൽ 460500201- Advance to implimenting agencies- deposit with kerala water authority എന്ന ഹെഡിൽ 50,000 രൂപ നീക്കിയിരിപ്പ് ആസ്തി കാണുന്നു, ഈ തുക 2011-നു മുന്നെ നല്കിയ തുകയാണ്. കൂടാതെ 460500411-Advance to kerala rural water supply and sanitation agency എന്ന ഹെഡിൽ 50,000 രൂപ നീക്കിയിരിപ്പ് ആസ്തിയുണ്ട്, ഈയിനത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ 2012 വർഷത്തിൽ നല്കിയ തുകയാണ് എന്ന് രേഖപ്പെടുത്തി കാണുന്നു. ആയതിന്റെ കൂടുതൽ വിശദാംശങ്ങളും ലഭ്യമല്ല.

11. ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണമല്ല. മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് ഡെപ്പോസിറ്റുകൾ ക്യാരി ഓവർ ചെയ്തിട്ടില്ല. 2018-19 ൽ രജിസ്റ്റർ ക്ലോസ് ചെയ്തിട്ടില്ല. ആയതിനാൽ ഷെഡ്യൂൾ B-7 പ്രകാരമുള്ള നീക്കിയിരിപ്പ് ഡെപ്പോസിറ്റുകളുടെ വിശദ വിവരങ്ങൾ (ഡെപ്പോസിറ്ററുടെ പേര്, ഉദ്ദേശം, റസീറ്റ് നം, തിയതി) പഞ്ചായത്തിൽ ലഭ്യമല്ല.

12. 350200115, 350200201, 350409901 എന്നീ ഹെഡുകളിൽ 2017 മുമ്പുള്ള നീക്കിയിരിപ്പ് തുകകൾ അതേപടി നില നിർത്തിക്കാണുന്നു. ഈ നീക്കിയിരിപ്പ് ബാദ്ധ്യതകളുടെ നിജസ്ഥിതി ബോദ്ധ്യപ്പെട്ടിട്ടില്ല.

13. വികസനഫണ്ട് SCP ഇനത്തിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ചെലവ് 15,77,647 രൂപയാണ്, എന്നാൽ വാർഷികകണക്കിൽ ഉൾപ്പെടുത്തിയത് 13,93,770 രൂപയാണ്. വ്യത്യാസം 1,83,877 രൂപ.

14. CFC ഫണ്ടിനത്തിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ചെലവ് 1,00,35,055 രൂപയാണ്, എന്നാൽ വാർഷികകണക്കിൽ ഉൾപ്പെടുത്തിയത് 80,31,714 രൂപയാണ്. വ്യത്യാസം 20,03,341 രൂപ.

15. മെയ്ന്റനൻസ് ഫണ്ട് റോഡ് ഇനത്തിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ചെലവ് 99,32,175 രൂപയാണ്, എന്നാൽ വാർഷികകണക്കിൽ ഉൾപ്പെടുത്തിയത് 87,55,664 രൂപയാണ്. വ്യത്യാസം 11,76,511 രൂപ.

16. മെയ്ന്റനൻസ് ഫണ്ട് നോൺ-റോഡ് ഇനത്തിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ചെലവ് 56,71,322 രൂപയാണ്, എന്നാൽ വാർഷികകണക്കിൽ ഉൾപ്പെടുത്തിയത് 53,27,605 രൂപയാണ്. വ്യത്യാസം 3,43,717 രൂപ.

# 1-12 പാർക്കിംഗ് സ്ഥലത്തിന് കെട്ടിട നമ്പർ നല്കി അസസ്മെന്റ് നടത്തി.

2018-19 വർഷം നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ ഫയൽ പരിശോധിച്ചതിൽ, ഫയലിൽ കെട്ടിട ഉടമ നൽകിയ പെർമ്മിറ്റ്/ക്രമവൽക്കരണ അപേക്ഷ, ഫോം2ൽ വസ്തുനികുതി നിർണ്ണയ റിട്ടേൺ, നികുതി നിർണ്ണയ വിവരശേഖരണഫോറം(ഫോം 6 ), ഓവർസിയർമാർ സമർപ്പിച്ച റിപ്പോർട്ട് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ രേഖകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള വാണിജ്യ കെട്ടിടത്തിന് നമ്പർ അനുവദിക്കുമ്പോൾ പ്ലാനിൽ പാർക്കിംഗ് സ്ഥലമായി കാണിച്ചിട്ടുള്ള Cellar floor-ന് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| ഉടമസ്ഥന്റെ പേര് | മാധവൻ നായർ.കെ, പൊയിനാച്ചി. |
| സർവ്വെ നം | 422/PT, 423/2, 421/2A1,424/3A2-ലെ 30.30സെന്റ് |
| വില്ലേജ് | തെക്കിൽ |
| ഫയൽ നം. | SC1-6693/2018തീയ്യതി.30.08.2018 |
| അസസ്മെന്റ് തീയ്യതി | 16.10.2018 |
| കെട്ടിടത്തിന്റെ അളവ് | 1395.33 m2 (പ്ലിന്ത് ഏരിയ) , വാണിജ്യ കെട്ടിടം. |

കെട്ടിടത്തിൻറ അളവ് -

| കെട്ടിടത്തിന്റെ നിലകൾ | പ്ലിന്ത് ഏരിയ |
|---|---|
| Cellar | 459m2 |
| GF | 459m2 |
| FF | 459m2 |
| Terrace | 18.33m2 |
| **Total** | **1395.33 m2** |

മുകളിൽ വിവരിച്ച പഞ്ചായത്തിലെ 10-ാം വാർഡിലുള്ള ഈ കെട്ടിടത്തിന് X-938/A1 മുതൽ X-938/A19 വരെ കെട്ടിട നമ്പർ ആണ് 16.10.2018-ൽ SC1-6693/2018 നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ളത്. ഇതിൽ X-938/A19 എന്ന കെട്ടിട നമ്പർ അനുവദിച്ചത് കെട്ടിടത്തിന്റെ Cellar ഭാഗത്തെ 454.24 m2-നാണ്. ഈ സ്ഥലം പ്ലാനിൽ പാർക്കിംഗ് സ്ഥലമായാണ് കാണിച്ചിട്ടുള്ളത്. കെട്ടിടയുടമ സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം പാർക്കിംഗ് സ്ഥലമായി കാണിച്ചിട്ടുള്ള Cellar ഭാഗത്തിന് കെട്ടിട നമ്പർ അനുവദിച്ചതിന് വിശദീകരണം നല്കേണ്ടതാണ്.

# 1-13 വസ്തു നികുതി വൻ കുടിശ്ശിക

31.03.2019 ലെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതി തൻ വർഷ പിരിവിൽ 20,79,689/- രൂപ പിരിച്ചെടുക്കാൻ

ബാക്കിയുണ്ട്. കൂടാതെ കുടിശ്ശികയിൽ 23,93,875.75/-രൂപയും പിരിച്ചടുക്കാൻ ബാക്കിയുണ്ട്. വസ്തു നികുതി പരിഷ്കരണം പഞ്ചായത്തിൽ പൂർത്തിയായിട്ടുണ്ട്. സഹായക സോഫ്റ്റ് വെയറുകളായ സാംഖ്യ, സഞ്ചയ എന്നിവ ഇന്റഗ്രേറ്റ് ചെയ്ത് സുസജ്ജമായി പ്രവർത്തിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ വസ്തു നികുതിയിനത്തിലെ കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കാനുള്ള ഊർജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# 1-14 ഡി.&ഒ ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകതകൾ.

ഡി.&ഒ ലൈസൻസ് പരിശോധനയിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.7,10/03-09-2019)

(A) D&O ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതി പ്രകാരം ഫീസ് ഈടാക്കേണ്ടതാണ്.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ. (പി). നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ. നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം, കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 232, 233, 234 വകുപ്പുകളും 254 വകുപ്പ് കൂട്ടി വായിച്ചും , 1996 ലെ ഡി&ഒ ചട്ടങ്ങൾക്ക് ഭേദഗതി പുറപ്പെടുവിച്ചിട്ടുള്ളതിനാൽ Kerala Panchayath Raj(Issue of License to factories,Traders,Enterpreneurship activities and other services)Rules,1996എന്ന് ചട്ടത്തെ പുനർനാമകരണം ചെയ്തിട്ടുണ്ട്. ആയതു പ്രകാരം നിലവിൽ ചട്ടം 10 ലെ പട്ടിക 2 ലെ വിവിധ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കി പോരുന്ന ഫീസിനു പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി തരം തിരിച്ച് ഫീസ് ഈടാക്കേണ്ടതാണ്. ഇത്തരത്തിൽ സെക്രട്ടറി തയ്യാറാക്കി നൽകിയ പുതിയ ഫീസ് നിരക്ക് പരിഗണിച്ച് ചർച്ച ചെയ്ത് ഭരണസമിതി അംഗീകാരം നൽകേണ്ടതാണ്. ഇത്തരത്തിൽ അംഗീകാരം ലഭിച്ച നിരക്കുകൾ അനുസരിച്ചായിരിക്കണം 2019-20 വർഷത്തെ ലൈസൻസ് അപേക്ഷകളിൽ സെക്രട്ടറി ഫീസ് ഈടാക്കേണ്ടത്. എന്നാൽ ഇത്തരത്തിൽ സെക്രട്ടറി തയ്യാറാക്കി നൽകിയ പുതിയ ഫീസ് നിരക്ക് ഭരണസമിതി അംഗീകാരം നൽകിയതിന്റെ തീമാനം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

(B) വിറ്റുവരവ് അടിസ്ഥാനപ്പെടുത്തിയോ യന്ത്രത്തിന്റെ കുതിരശക്തി അടിസ്ഥാനപ്പെടുത്തിയോ ആയിരിക്കണം ലൈസൻസ് ഫീ ഈടാക്കേണ്ടത് (1996 ലെ ഡി.&ഒ.ലൈസൻസ് ചട്ടങ്ങളിലെ ചട്ടം കാണുക) എന്നാൽ താഴെകൊടുത്തിരിക്കുന്ന അപേക്ഷകളിൻ മേൽ നിബന്ധന പാലിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1)ഹമീദ് എം.എൻ (വാർഡ് നമ്പർ-IX/410D SL.No-630) എന്ന കച്ചവടക്കാരന്റെ വെൽഡിംഗ് വർക്ക് ഷോപ്പ് നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 5 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഡി.&ഒ.ലൈസൻസ് ചട്ടങ്ങളിലെ ചട്ടപട്ടികപ്രകാരം 50 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 50 രൂപ ഈടാക്കിയിട്ടില്ല.

2)ഇസ്മയിൽ.ബി എ (വാർഡ് നമ്പർ-XI/562-A SL.No-542) എന്ന കച്ചവടക്കാരന്റെ മരം സ്റ്റോക്ക് ചെയ്ത് ഫർണീച്ചർ നിർമ്മിച്ച് വിൽപ്പന നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 5 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ടപ്രകാരം 50 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 50 രൂപ ഈടാക്കിയിട്ടില്ല.

3)ബഷീർ.എൻ (വാർഡ് നമ്പർ-1/803 SL.No-485) എന്ന കച്ചവടക്കാരന്റെ അയൺ &സ്റ്റീൽ ഫാബ്രിക്കേഷൻ വർക്ക് വെൽഡിംഗ് നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 5 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ടപ്രകാരം 50 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 50 രൂപ ഈടാക്കിയിട്ടില്ല.

4)ഉണ്ണികൃഷ്ണൻ എൻ (വാർഡ് നമ്പർ-11/59 SL.No-455) എന്ന കച്ചവടക്കാരന്റെ ഗേയ്റ്റ്,ഗ്രില്ല് നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 8 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ടപ്രകാരം 100 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 100 രൂപ ഈടാക്കിയിട്ടില്ല.

5)ആയിഷ ടി (വാർഡ് നമ്പർ-1V/550 SL.No-402) എന്ന കച്ചവടക്കാരന്റെ ഓയിൽ മിൽ നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 10 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ടപ്രകാരം 100 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 100 രൂപ ഈടാക്കിയിട്ടില്ല.

6)ബഷീർ.എൻ (വാർഡ് നമ്പർ-1/364 SL.No-364) എന്ന കച്ചവടക്കാരന്റെ അയൺ &സ്റ്റീൽ ഫാബ്രിക്കേഷൻ വർക്ക് വെൽഡിംഗ് നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 7.5 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി

രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ടപ്രകാരം 100 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 100 രൂപ ഈടാക്കിയിട്ടില്ല.

7)സുരേന്ദ്രൻ നായർ.കെ (വാർഡ് നമ്പർ-X/3/689 SL.No-371) എന്ന കച്ചവടക്കാരന്റെ വെൽഡിംഗ് ഷോപ്പ് നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 4.5 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ടപ്രകാരം 50 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 50 രൂപ ഈടാക്കിയിട്ടില്ല.

8)ബാലകൃഷ്ണൻ.എം (വാർഡ് നമ്പർ-1V/137 SL.No-304) എന്ന കച്ചവടക്കാരന്റെ വെൽഡിംഗ് ഷോപ്പ് നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 3.5 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ടപ്രകാരം 50രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 50 രൂപ ഈടാക്കിയിട്ടില്ല.

9)ശൈവരാജ് എ (വാർഡ് നമ്പർ-X1V/14/189 SL.No-267) എന്ന കച്ചവടക്കാരന്റെ പെട്രോളിയം ഉൽപ്പന്നങ്ങൾ സ്റ്റോക്ക് ചെയ്ത് വിൽപ്പന നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 4 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ടപ്രകാരം 50രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 50 രൂപ ഈടാക്കിയിട്ടില്ല.

മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.

(C).ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തു പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും വാണിജ്യ വ്യാപാര സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ എല്ലാ വ്യാപാര സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുക്കുന്നുവെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല.

(D) ഡി & ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ - സംഗ്രഹം എഴുതി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2018-19 സാമ്പത്തിക വർഷത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം ഡി &ഒ ലൈസൻസ് ഇനത്തിൽ 2,94,050/-രൂപ ഡിമാന്റുണ്ട്. എന്നാൽ ഡി & ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്ററിൽ അവയുടെ ഡിമാന്റ്,കലക്ഷൻ,ബാലൻസ് എന്നിവയുടെ സംഗ്രഹം എഴുതി തയ്യാറാക്കിയിട്ടില്ല,ഡിമാന്റ് രജിസ്റ്ററിൽ സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തലുകൾ നടത്തി ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# 1-15 കെട്ടിട വാടക കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്ഥീകരിക്കേണ്ടതാണ്.

2018-19 സാമ്പത്തിക വർഷത്തേക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് ഏറ്റെടുത്ത താഴെക്കൊടുത്തിരിക്കുന്ന കച്ചവടക്കാരനിൽനിന്നും മാസ വാടക ഈടാക്കിയതിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നമ്പർ/ കെട്ടിട നമ്പർ | വാടകക്കാരന്റെ പേരും, വിലാസവും | ഈടാക്കേണ്ട മാസവാടക | ബാക്കി ഈടാക്കേണ്ട മാസ വാടക | കുറവ് |
|---|---|---|---|---|---|
| 1 | 1V/568 | ഈശ്വർ s/o സുബ്രയ്യ | 945x12 =11,340 | ഫെബ്രുവരി-2019 മാർച്ച് -2019 = 945 x 2 = 1890 | 1890 |
| 2 | XX111/329 | നവോദയ ആർട്സ് & സ്പോർട്സ് | 441x12=5292 | നവംബർ 2018 മുതൽ മാർച്ച് 2019 വരെ | 2205 |

| | | | | | |
|---|---|---|---|---|---|
| | | ക്ലബ്ബ് പരവനടുക്കം | | 441x5 = 2205 | |
| 3 | 111/337 | മാധവൻ നായർ | 1268x12 =15216 | മാർച്ച്-2019= 1268 | 1268 |
| ആകെ | | | | | 5,363 |

മേൽപറഞ്ഞ കച്ചവടക്കാരനിൽ നിന്നും കെട്ടിടവാടകയിനത്തിൽ ലഭിക്കാനുള്ള വാടക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി നം.8തീയ്യതി 03-09-2019)

# 1-16 തൊഴിൽനികുതി

തൊഴിൽ നികുതി അപാകതകൾ തൊഴിൽനികുതി അടക്കുന്നതിനായി സ്ഥാപന മേധാവികൾക്ക് നൽകുന്ന ഡിമാന്റ് നോട്ടീസിൽ എല്ലാ തരം ശമ്പള ഇനങ്ങളും ഉൾപ്പെടുത്തി സ്റ്റേറ്റ്മെന്റ് തയ്യാറാക്കാനും ആയതിനനുസരിച്ച് നികുതി അടക്കുവാനും നിർദേശിക്കുന്നുണ്ടെങ്കിലും മിക്ക സ്ഥാപന മേധാവികളും ഈ നിർദേശം പാലിക്കുന്നില്ല. സ്ഥാപന മേധാവികൾ വരുമാന വിവരം കണക്കാക്കി ഹാജരാക്കുന്ന പത്രികയിൽ യഥാർഥത്തിൽ ഉൾപ്പെടുത്തേണ്ടുന്നതായ ആർജാതാവധി സറണ്ടർ തുക, ബോണസ്, ഫെസ്റ്റിവൽ അലവൻസ്, ക്ഷാമബത്ത കുടിശ്ശിക, ശമ്പള പരിഷ്കരണ/മറ്റു കുടിശ്ശികകൾ എന്നിവ ഉൾപ്പെടുത്തുന്നില്ല. ഇക്കാരണത്താൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകാനുള്ള സാധ്യത ഉണ്ട്. ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.ഗവൺമെന്റ് ഹോമിയോ ഹോസ്പിറ്റൽ കളനാട്, ജി.യു.പി.എസ്. തെക്കിൽ പറമ്പ, ജി.എൽ.പി.എസ്. പെരുമ്പള, ജി.എഫ്.യു.പി.എസ്.കീഴൂർ(ഓഡിറ്റ് എൻക്വയറി നം.9തീയ്യതി 03-09-2019)

# 1-17 ആശ്രയ ഭവന നവീകരണം- പദ്ധതി നടത്തിപ്പ് -അപാകതകൾ

2018-19 വർഷം നിർവ്വഹണ ഉദ്യോഗസ്ഥൻ അസി.സെക്രട്ടറി നടപ്പിലാക്കിയ ആശ്രയ ഭവന നവീകരണം (പ്രൊ.നം 199/19)പദ്ധതിപ്രകാരം വിവിധ ഫണ്ടുകളിൽ നിന്നുമായി ചുവടെ ചേർത്ത പ്രകാരം 11,80,000/-രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ബിൽ നം/ ചെക്ക് നം & തിയതി | തുക | ഫണ്ടിനം |
|---|---|---|---|
| 1 | ബിൽ.നം. 143/16.2.2019 | 4,80,000/- | വി.ഫണ്ട്. |
| 2 | ബിൽ.നം.15/25.2.2019 | 1,20,000/- | ,, |
| 3 | ബിൽ.നം.19/20.3.2019 | 1,15,000/- | ,, |
| 4 | ബിൽ.നം. 20/20.3.2019 | 1,74,000/- | ,, |
| 5 | ബിൽ.നം.21/20.3.2019 | 1,11,000/- | ,, |
| 6 | ചെക്ക്.നം 1721139/27.3.2019 | 70,000/- | ബ്ലോക്ക് വിഹിതം |
| 7 | ,, | 1,10,000/- | ജില്ലാ പഞ്ചായത്ത് വിഹിതം |
| | | 11,80,000/- | |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ഹാജരാക്കിയ രേഖകളുടെ പരിശോധനയിൽ പദ്ധതി നടത്തിപ്പിൽ ചുവടെ ചേർത്ത ന്യൂനതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

**എ)** ഗുണഭോക്താക്കൾ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടത് സംബന്ധിച്ച രേഖകൾ (പ്രൊജക്റ്റ് റിപ്പോർട്ട്) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ നിർമ്മിച്ച വീടിന് 8 വർഷത്തിലധികം പഴക്കമുണ്ടെന്നത് സംബന്ധിച്ച് സാക്ഷ്യപത്രങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**ബി)** പദ്ധതി പ്രകാരം 17 ഗുണഭോക്താക്കൾക്കാണ് തൻവർഷം ആനുകൂല്യം നല്കിയിട്ടുള്ളത് . ഇതിൽ 9 പേർ നവീകരണം പൂർത്തീകരിച്ചതായി സ്കീം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവരിൽ 4 ഗുണഭോക്താക്കളുടെ ഫയലിൽ എഞ്ചിനിയറുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് സൂക്ഷിച്ചിട്ടില്ല. മറ്റുള്ള 5 ഗുണഭോക്താക്കളിൽ 3 പേർ എൽ.എസ്.ജി.ഡി വിഭാഗം ഓവർസീയർ നല്കിയ വാല്യുവേഷനും, മറ്റ് രണ്ട് ഗുണഭോക്താക്കളുടെ ഫയലിൽ വാല്യുവേഷന് പകരം എൽ.എസ്.ജി.ഡി എഞ്ചിനിയറിങ്ങ് വിഭാഗം പ്രൈസിൽ നിന്നും എടുത്ത എസ്റ്റിമേറ്റ് റിപ്പോർട്ടുമാണ് സൂക്ഷിച്ചിട്ടുള്ളത്. പൂർത്തീകരിച്ചതായി സൂചിപ്പിക്കപ്പെട്ട ഗുണഭോക്താക്കളിൽ മേൽപ്രകാരമുള്ള മൂല്യ നിർണ്ണയ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കാത്തവരുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നല്കിയ തുക | ഗുണഭോക്താവ് സമർപ്പിച്ച എസ്റ്റിമേറ്റിലെ അടങ്കൽ (പ്രൈവറ്റ് എഞ്ചിനിയർ നൽകിയത് | വാല്യുവേഷന് പകരമായി എൽ.എസ്.ജി.ഡി വിഭാഗം പ്രൈസിൽ നിന്നും തയ്യാറാക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ടിലെ തുക |
|---|---|---|---|---|
| 1 | ഗംഗാധരൻ പാണ്ടൂർ മൂല | 110000/- | 1,60,000/ | ഇല്ല |
| 2 | പ്രസന്ന.കെ | 100000/- | 1,17,000/- | ഇല്ല |
| 3 | സരോജിനി മണ്ഡലിപ്പാറ | 1,31,000/- | 1,96,000/- | 1,31,723 |
| 4 | കമലാക്ഷി മണിയടുക്കം | 1,30,000/- | 3,00,000/- | ഇല്ല |
| 5 | ദേവകിയമ്മ | 1,00,000/- | 1,45,000/- | ഇല്ല |
| 6 | കുഞ്ഞമ്മ റ്റി | 54,000/- | 57,000/ | 54,193 |

മുഴുവൻ ഗുണഭോക്താക്കളുടേയും ഭവന പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച് എൽ.എസ്.ജി.ഡി എഞ്ചിനിയറിങ്ങ് (അസി.എഞ്ചിനിയറുടെ ) വിഭാഗത്തിൽ നിന്നുമുള്ള വാല്യൂവേഷൻ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സി)** ചുവടെ ചേർത്ത ഗുണഭോക്താക്കളുടെ ഫയലിൽ സൂക്ഷിച്ചിട്ടുള്ള എൽ.എസ്.ജി.ഡി എഞ്ചിനിയറിങ്ങ് വിഭാഗം ലഭ്യമാക്കിയ വാല്യുവേഷൻ റിപ്പോർട്ടിലെ തുകയും ഗുണഭോക്താക്കൾക്ക് നല്കിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആളവ് മൂല്യത്തെക്കാൾ കൂടിയ തുകയാണ് പ്രസ്തുത ഗുണഭോക്താക്കൾക്ക് നല്കിയിട്ടുള്ളത്.

| ഗുണഭോക്താവിന്റെ പേര് | നല്കിയ തുക | എൽ.എസ്.ജി.ഡി വിഭാഗം തയ്യാറാക്കിയ വാല്യുവേഷൻ റിപ്പോർട്ട് പ്രകാരം അളവ് മൂല്യം | അധികം നല്കിയ തുക |
|---|---|---|---|
| ഇന്ദിര .ഇ | 100000/- | 80,054 | 19,946 |

| | | | |
|---|---|---|---|
| ചെറിയോളമ്മ | 50000/- | 25980 | 24020 |
| | | ആകെ | 43966 |

ഇക്കാര്യം ഓഡിറ്റ് എൻക്വയറി.നം.04തിയതി 30.08.2019പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചിരുന്നുവെങ്കിലും ഇത് സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥന് സാധിച്ചിട്ടില്ല. ശ്രീമതി ഇന്ദിര.ഇ എന്ന ഗുണഭോക്താവ് സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം അടങ്കൽ 1,60,000 രൂപയാണ്. ശ്രീമതി ചെറിയോളമ്മ എന്ന ഗുണഭോക്താവ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുമില്ല. നിലവിൽ എൽ.എസ്.ജി.ഡി എഞ്ചിനിയറിങ്ങ് വിഭാഗം ഓവർസിയർ ഒപ്പുവെച്ച വാല്യുവേഷൻ റിപ്പോർട്ടാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ നിന്നും അനുവദിച്ച തുകയ്ക്കുള്ള നിർമ്മാണ പ്രവർത്തികൾ ഗുണഭോക്താക്കൾ ചെയ്തിട്ടുണ്ടോയെന്നുള്ള കാര്യം ഗ്രാമ പഞ്ചായത്ത് എൽ.എസ്.ജി.ഡി എഞ്ചിനിയറിങ്ങ് വിഭാഗം അസി.എഞ്ചിനിയറെ നിയോഗിച്ച് പരിശോധിച്ച് വാല്യുവേഷൻ റിപ്പോർട്ട് തയ്യാറാക്കേണ്ടതും പ്രസ്തുത റിപ്പോർട്ടിലും വാല്യുവേഷനിൽ കൂടുതൽ തുക നല്കിയതായി തെളിഞ്ഞാൽ പ്രസ്തുത തുക ഉത്തരവാദപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി സഞ്ചിത നിധിയിൽ അടവാക്കി വിശദാംശം പ്രഥമ മറുപടിയോടൊപ്പം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

**ഡി)** ചുവടെ ചേർത്ത ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റിയിട്ടുണ്ടെങ്കിലും നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ച് വാല്യുവേഷൻ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നല്കിയ തുക |
|---|---|---|
| 1 | ലക്ഷ്മി w/oകുട്ട്യൻ | 40,000/- |
| 2 | ശാന്ത പരവനടുക്കം | 30,000/- |
| 3 | ശാന്ത.പി | 30,000/- |
| 4 | ബേബി പരവനടുക്കം | 30,000/- |
| 5 | ഖദീജ അബ്ദുള്ള | 30,000/ |
| 6 | നാരായണി വാഴവളപ്പിൽ | 50,000/ |
| 7 | വസന്ത കുമാരി | 30,000/- |

മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ ഭവന നവീകരണം എത്രയും വേഗം പൂർത്തീകരിച്ച് ഗ്രാമ പഞ്ചായത്ത് എൽ.എസ്.ജി.ഡി എഞ്ചിനിയറിങ്ങ് വിഭാഗം അസി.എഞ്ചിനിയറെ നിയോഗിച്ച് പരിശോധിച്ച് വാല്യുവേഷൻ റിപ്പോർട്ട് തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**ഇ)** ഗുണഭോക്താക്കളുമായി കരാറുടമ്പടി തയ്യാറാക്കുന്നതിന് മുദ്രപ്പത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഇവയിൽ വ്യവസ്ഥകൾ പൂരിപ്പിച്ചിട്ടില്ല

**എഫ്)** ഗംഗാധരൻ, പ്രസന്ന.കെ, ലക്ഷ്മി , സരോജിനി, നാരായണി വാഴവളപ്പിൽ, ദേവകി അമ്മ , എന്നീ ഗുണഭോക്താക്കൾ ഹാജരാക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കിയ ഉദ്യോഗസ്ഥൻ അധികൃതമാക്കിയിട്ടില്ല. കൂടാതെ ചെറിയോളമ്മ എന്ന ഗുണഭോക്താവ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുമില്ല.

മേൽ പരാമർശിച്ച (എ മുതൽ എഫ് വരെയുള്ള) അപാകതകൾ നിലനിൽക്കുന്നതിനാൽ പദ്ധതിയ്ക്കായി ഓഡിറ്റ് വർഷം ചെലവഴിച്ച 11,80,000/ രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കുവാൻ സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-18 സർക്കാർ മാർഗ്ഗരേഖ ലംഘിച്ച് കലാകാരൻമാർക്ക് ധനസഹായം അനുവദിച്ചു -അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ അസി.സെക്രട്ടറി 2018-19 വർഷം നടപ്പിലാക്കിയ തെയ്യം കലാകാരൻമാർക്ക്

ധനസഹായം എന്ന പദ്ധതിപ്രകാരം (പ്രൊ.നം 215/19) ഗ്രാമ പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട അഞ്ച് ഗുണഭോക്താക്കൾക്ക് 5000 രൂപ വീതം ധനസഹായം നല്കിയിട്ടുണ്ട്. (ട്രഷറി.ബിൽ.നം.11/5.2.2019 ₹ 20,000/- & 17/20.3.2019 ₹5,000/-) പദ്ധതി മാർഗ്ഗരേഖയിലും (സ.ഉ.(കൈ) നം.11/2018 തസ്വഭവ.തി.29.01.2018), സബ്സിഡി മാർഗ്ഗരേഖയിലും (സ.ഉ.(കൈ) നം.22/2018 തസ്വഭവ.തി.14.02.2018) ഇത്തരത്തിൽ ധനസഹായം നല്കുന്നത് സംബന്ധിച്ച് പരാമർശിച്ചിട്ടില്ല. സ.ഉ.(കൈ) നം.22/2018 തസ്വഭവ.തി.14.02.2018 ഖ.7.6.16 പ്രകാരം കലാരംഗത്ത് സംസ്ഥാന സർക്കാരിന്റെ 2017-18 വർഷത്തെ വജ്ര ജൂബിലി ഫെലോഷിപ്പ് നേടുന്ന കലാകാരന്മാർക്കുള്ള അധിക വിഹിതം നല്കുന്നതിനുള്ള പദ്ധതി ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതി ഗ്രാമ പഞ്ചായത്തിന് ഏറ്റെടുക്കുവാൻ സാധിക്കില്ല. പദ്ധതി മാർഗ്ഗരേഖയിലും, സബ്സിഡി മാർഗ്ഗരേഖയിലും പരാമർശിക്കാത്ത പദ്ധതികൾ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടപ്പാക്കുവാൻ സാധിക്കുകയില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി.നം.04തിയതി 30.08.2019)നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തമായ മറുപടി നല്കിയിട്ടില്ല. ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഒർഡിനേഷൻ സമിതി മുഖേന സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി സാധൂകരണ ഉത്തരവ് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 വൃദ്ധർക്ക് കട്ടിൽ വിതരണം അപാകതകൾ.

നിർവ്വഹണ ഉദ്യോഗസ്ഥൻ അസി.സെക്രട്ടറി 2018-19 വർഷം നടപ്പിലാക്കിയ വൃദ്ധർക്ക് കട്ടിൽ വിതരണം (എസ്.സി.പി)പദ്ധതി പ്രകാരം 25 കട്ടിലുകൾ ഒന്നിന് 4349.5 രൂപ നിരക്കിൽ 1,08,737 രൂപ വിനിയോഗിച്ച് വാങ്ങിയിട്ടുണ്ട്.(ട്രഷറി .ബിൽ.നം.6/30.11.2018) പദ്ധതി നടത്തിപ്പിൽ ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

**എ)** പദ്ധതിപ്രകാരം വാങ്ങിയ കട്ടിലുകളിൽ 4 എണ്ണം വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. ഇവ വിതരണം ചെയ്യാതെ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണെന്ന് നിലവിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. പരിശോധനയിൽ ഗ്രാമ പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സിലെ ഒരു മുറിയിൽ ഉപയോഗ ശൂന്യമായ വസ്തുക്കളുടെ കൂടെ 4 കട്ടിലുകൾ കണ്ടു.

**ബി)** ശ്രീമതി കല്യാണി കുന്നുപാറ (ക്രമ.നം 21) എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പമുള്ള ആധാർ കാർഡ് പ്രകാരം ജനന വർഷം 1971 ആണ്. കൂടാതെ ഗുണഭോക്താവിന്റെ ജാതി സർട്ടിഫിക്കറ്റും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. എന്നാൽ അപേക്ഷയോടൊപ്പമുള്ള കൈപ്പറ്റ് രസീതിൽ പാറു എന്ന ഗുണഭോക്താവാണ് ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നത്. (കട്ടിൽ നല്കിയിരിക്കുന്നത് കല്യാണി എന്ന ഗുണഭോക്താവിനാണോ പാറു എന്ന ഗുണഭോക്താവിനാണോ എന്ന് വ്യക്തമല്ല)

**സി)** പദ്ധതിപ്രകാരം കട്ടിൽ നല്കിയ ചന്ദ്രൻ .ബി എന്ന ഗുണഭോക്താവിന് അപേക്ഷയോടൊപ്പമുള്ള രേഖകൾ പ്രകാരം 60 വയസ്സ് തികഞ്ഞിട്ടില്ല വരുമാന സർട്ടിഫിക്കറ്റ് പ്രകാരം 57 വയസ്സ്, റേഷൻകാർഡ് പ്രകാരം 55 വയസ്സ് , ആധാർകാർഡ് പ്രകാരം 57 വയസ്സ് എന്നിങ്ങനെയാണ് ഇദ്ദേഹത്തിന്റെ വയസ്സ് രേഖപ്പെടുത്തിയിരിക്കുന്നത്.

**ഡി)** സഞ്ജീവൻ സി.എന്ന ഗുണഭോക്താവിന് അപേക്ഷയോടൊപ്പമുള്ള ആധാർകാർഡ് പ്രകാരം ജനനവർഷം 1960 ആണ് .ഇതുപ്രകാരം ഇദ്ദേഹത്തിന് 60വയസ്സ് പൂർത്തിയായിട്ടില്ല. കൂടാതെ ജാതി തെളിയിക്കുന്ന രേഖ ലഭ്യമാക്കിയിട്ടുമില്ല.

സബ്സിഡി മാർഗ്ഗരേഖപ്രകാരം മേൽ പദ്ധതിയനുസരിച്ച് ആനുകൂല്യം നല്കുന്നതിന് ഗുണഭോക്താവിന് 60 വയസ്സ് പൂർത്തിയാകേണ്ടതുണ്ട് . എന്നാൽ 60 വയസ്സ് പൂർത്തിയാകണം എന്ന മാനദണ്ഡം പാലിക്കാതെയാണ്. മേൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയിട്ടുള്ളത്.. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി.നം.04തിയതി 30.08.2019)നല്കിയ മറുപടിയിൽ 60 വയസ്സ് തികഞ്ഞവർ ഇല്ലാത്തതിനാൽ പട്ടികയിൽ ഉൾപ്പെട്ട മറ്റ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കുകയായിരുന്നുവെന്നും അർഹതയില്ലാത്തവർക്ക് നല്കിയ ആനുകൂല്യം കണക്കാക്കി തിരികെ ഒടുക്കാമെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. ഗുണഭോക്തൃ

തെരഞ്ഞെടുപ്പ് വേളയിൽ തന്നെ അർഹതാ മാനദണ്ഡം കർശനമായി പാലിക്കുവാൻ ശ്രദ്ധിച്ചിരുന്നെങ്കിൽ ഇത്തരം അപാകതകൾ ഒഴിവാക്കുവാൻ സാധിക്കുമായിരുന്നു.

വിതരണം ചെയ്യുവാൻ അവശേഷിക്കുന്ന കട്ടിലുകൾ അർഹതയുള്ള ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്യുവാൻ നടപടികൾ സ്വീകരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. കൂടാതെ ക്രമ നമ്പർ 21 ആയി കട്ടിൽ നല്കിയത് ഏത് ഗുണഭോക്താവിനാണെന്ന് വ്യക്തമാക്കേണ്ടതാണ്. മേൽ ഉപഖണ്ഡിക ബി, സി, ഡി എന്നിവയിൽ പരാമർശിച്ച ഗുണഭോക്താക്കളുടെ പ്രായം തെളിയിക്കുന്നത് സംബന്ധിച്ച മറ്റു രേഖകൾ ഉണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇല്ലെങ്കിൽ പ്രസ്തുത ഗുണഭോക്താക്കൾക്ക് നല്കിയ കട്ടിലിന്റെ വില 4,349.x3=13,047.00 രൂപ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കുന്നതുവരെ പദ്ധതിയ്ക്കായി ചെലവഴിച്ച **1,08,737 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.**

# 1-20 കിണർ - ശുചിത്വ കിണറാക്കി മാറ്റൽ-പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ അസി.സെക്രട്ടറി ഓഡിറ്റ് വർഷം നടപ്പാക്കിയ പ്രൊജക്ട് നമ്പർ 218/19 (കിണർ -ശുചിത്വ കിണറാക്കി മാറ്റൽ-പട്ടികജാതി വിഭാഗം ) പ്രകാരം കിണർ ചുറ്റമതിൽ കെട്ടി സംരക്ഷിക്കുന്നതിനായി സരോജിനി വട്ടക്കാട്ട് എന്ന ഗുണഭോക്താവിന് 12,834 രൂപ ട്രഷറി ബിൽ നം 14/25-2-2019 പ്രകാരം അനുവദിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ എഞ്ചിനിയറിങ്ങ് വിഭാഗം നല്കിയ വാല്യൂവേഷൻ റിപ്പോർട്ടിൽ വെള്ളം നീക്കൽ പ്രവൃത്തിക്ക് 920 രൂപയും , മണ്ണ് നീക്കൽ പ്രവൃത്തിക്ക് 11,914 രൂപയും ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പദ്ധതിപ്രകാരം നിർവ്വഹിക്കേണ്ട ചുറ്റമതിൽ , പ്ലാറ്റ്ഫോം എന്നിവയുടെ നിർമ്മാണം , പ്ലാസ്റ്ററിങ്ങ് പ്രവൃത്തികൾ എന്നിവ ഗുണഭോക്താവ് നിർവ്വഹിച്ചതായി കാണുന്നില്ല. ഇക്കാര്യം നേരിട്ട് പരിശോധിച്ച് ഗുണഭോക്താവ് ചുറ്റമതിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെങ്കിൽ നല്കിയ തുക തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ മേൽപ്രകാരം ചെലവഴിച്ച് 12,834 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-21 ഹരിത കേരള മിഷൻ -പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഹരിത കേരളമിഷൻ പദ്ധതി നിർദ്ദേശങ്ങളുടെ ഭാഗമായി ഗ്രാമ പഞ്ചായത്ത് നാളിതുവരെ ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങളും പദ്ധതികളും സംബന്ധിച്ച് വിവരങ്ങൾ ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ഓഡിറ്റ് റിക്വിസിഷൻ നം 2 തിയതി 30.8.2019 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇതു സംബന്ധിച്ച് രേഖകളും വിശദീകരണങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ അധികൃതർക്ക് സാധിച്ചിട്ടില്ല. ആയതിനാൽ ഗ്രാമ പഞ്ചായത്തിൽ ഹരിത കേരള മിഷൻ പദ്ധതി നിർദ്ദേശങ്ങൾ നടപ്പാക്കിയതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1) ഗ്രാമ പഞ്ചായത്തിൽ ഹരിത കർമ്മസേന രൂപീകരിച്ചതിന്റെ വിശദാംശം, (മിനിട്സുകൾ ഉൾപ്പടെ) പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) ഹരിത കർമ്മസേനയ്ക്ക് യൂസർഫീസ് നിശ്ചയിച്ച് നൽകിയതിന്റെ വിശദാംശവും, 2018-19 വർഷം ഹരിത കർമ്മസേന ഈടാക്കിയ യൂസർ ഫീസിന്റെ വരവ് ചെലവ് കണക്കുകളും, ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3) ഹരിത കേരള മിഷൻ തെരഞ്ഞടുത്ത് നൽകുന്ന ഹരിത സഹായ സ്ഥാപനത്തെ നിയമിച്ച് അവരുമായി ധാരണാ പത്രം ഒപ്പുവെച്ചത് സംബന്ധിച്ച് വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

(ജില്ലാ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ( ജില്ലാ കലക്ടർ) 08.10.2018 ലെ എ4692/16എസ്.എം/ കെ.ജി.ഡി ഉത്തരവുപ്രകാരം ഗ്രീൻ വാംസ് എന്ന സ്ഥാപനത്തെ കാസറഗോഡ് , കാറഡുക്ക ബ്ലോക്കുകളിൽ ഹരിത സഹായ സ്ഥാപനമായി നിയോഗിച്ചിട്ടുണ്ട്).

4) ഹരിത കേരള മിഷൻ തയ്യാറാക്കുന്ന മാതൃക അനുസരിച്ച് ആവശ്യകതാ നിർണ്ണയ സർവ്വേ നടത്തി റിപ്പോർട്ട് ഹരിത കേരള മിഷന് കൈമാറിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

5) 2017-18, 2018-19 വർഷങ്ങളിൽ ഉറവിടമാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ച പദ്ധതികൾ സംബന്ധിച്ച് വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

6) മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കാതെ മാലിന്യ പ്രശ്നങ്ങൾ ഉയർത്തുന്ന സ്ഥാപനങ്ങൾക്കും ഭവനങ്ങൾക്കുമെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
7) ഹരിത കർമ്മസേനയുടെ പ്രവർത്തന റിപ്പോർട്ട് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുവാനും,സോഷ്യൽ ഓഡിറ്റ് ടീമിനെ നിയോഗിച്ച് പരിശോധന നടത്തുവാനും, അജൈവമാലിന്യ സംഭരണ കേന്ദ്രം ആരംഭിക്കുവാനും , സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22 ഗ്രന്ഥശാലകൾക്ക് പുസ്തകവിതരണം -നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ ഹെഡ് മാസ്റ്റർ നടപ്പിലാക്കിയ പ്രൊ.നം 207/2019 പ്രകാരം അംഗീകൃത ഗ്രന്ഥശാലകൾക്ക് പുസ്തകം, പത്രം എന്നിവ നല്കുന്നതിനായി തനതുഫണ്ടിൽ നിന്നും 1,99,560 രൂപ (ചെക്ക് നം.025829 തിയതി.28.01.2019 & 025975 തിയതി.27.03.2019)) ചെലവഴിച്ചിട്ടുണ്ട്. ഇതിൽ വിവിധ ഗ്രന്ഥശാലകൾക്ക് പുസ്തകം വിതരണം ചെയ്ത വകയിൽ വിവിധ പ്രസാധക കമ്പനികൾക്ക് 1,58,960/- രൂപ ചുവടെ ചേർത്ത പ്രകാരം കൈമാറിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രസാധക കമ്പനിയുടെ പേര് | നല്കിയ തുക |
|---|---|---|
| 1 | ദേശാഭിമാനി കണ്ണൂർ | 29,727/- |
| 2 | മാതൃ ഭൂമി പ്രിന്റിങ്ങ്& പബ്ലിഷിങ്ങ് കമ്പനി | 47,374/- |
| 3 | കറന്റ് ബുക്ക്സ് | 40,162/- |
| 4 | നാഷണൽ ബുക്ക് സ്റ്റാൾ കണ്ണൂർ | 41,697/- |
| | ആകെ | 1,58,960 |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ചുവടെ ചേർത്ത ന്യൂനതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

**എ)** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി പുസ്തകങ്ങൾ വാങ്ങുമ്പോൾ ആയത് ബുക്ക് മാർക്ക് , സാഹിത്യപ്രവർത്തക സഹകരണസംഘം എന്നിവ മുഖേന വാങ്ങുവാൻ സ.ഉ (സാധാ) നമ്പർ 3709/2017/തസ്വഭവ തിയതി.18.11.2017 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ടെങ്കിലും പദ്ധതി നടത്തിപ്പിൽ മേൽ ഉത്തരവ് പാലിച്ചിട്ടില്ല.

**ബി)** നിർവ്വഹണ ഉദ്യോഗസ്ഥരുടെ വാങ്ങൽ നടപടിക്രമങ്ങൾ ജി.ഒ.(പി) നം.259/2010 തസ്വഭവ. തിയതി 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ബാധകമായിരിക്കുമെന്ന് ജി.ഒ.(എം.എസ്.) നം.22/2018 തസ്വഭവ .തിയതി 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടുണ്ട്. ഇതനുസരിച്ച് 100000/ രൂപയിൽ അധികം അടങ്കലുള്ള വാങ്ങൽ നടപടികൾ ഓപ്പൺ ടെണ്ടർ നടപടികൾ മുഖേന വേണം നിർവ്വഹിക്കുവാൻ. ബുക്ക് മാർക്ക് , സാഹിത്യപ്രവർത്തക സഹകരണസംഘം എന്നിവയിൽ നിന്നും വാങ്ങണമെന്ന ഉത്തരവ് ശ്രദ്ധയിൽ പെട്ടിട്ടില്ലെങ്കിൽ സ്വാഭാവികമായും ടെണ്ടർ നടപടികൾ സ്വീകരിച്ച് വേണമായിരുന്നു പദ്ധതി നടപ്പിലാക്കുവാൻ എന്നാൽ ടെണ്ടർ നടപടികളും സ്വീകരിക്കാതെയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

**സി)** നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടികൾക്ക് പഞ്ചായത്ത് തല പർച്ചേസിങ്ങ് കമ്മിറ്റി, ഭരണ സമിതി എന്നിവ അംഗീകാരം നല്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല..

**ഡി)** പുസ്തകങ്ങൾ കൈമാറിയ ഗ്രന്ഥശാലകൾക്ക് ലൈബ്രറി കൗൺസിൽ അംഗീകാരം ലഭിച്ചത് സംബന്ധിച്ച രേഖകൾ , പുസ്തകം കൈപ്പറ്റ് രസീതി തുടങ്ങിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**ഇ)** കറന്റ് ബുക്സിന് പുസ്തകളുടെ വിലയായി 40,162/- രൂപ നല്കിയിട്ടുണ്ടെങ്കിലും ആയതിന്റെ ബില്ല് , പുസ്തകങ്ങൾ വിതരണം ചെയ്ത ഗ്രാമശാലകളുടെ പേര്, എന്നീ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. ആയതുവരെ പദ്ധതിയ്ക്കായി നടത്തിയ **1,58,690 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.**

# 1-23 എസ്.എസ്.എ വിഹിതം നല്കിയത് -തുക പൂർണ്ണമായി വനിയോഗിച്ചത് സംബന്ധിച്ച് സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പ്രൊ.നം 205 /2019 പ്രകാരം എസ്.എസ്.എ വിഹിതം ഇനത്തിൽ 40 ലക്ഷം രൂപ എസ്.എസ്.എ ജില്ലാ പ്രൊജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. ആകെ അടങ്കലിന്റെ 40 ശതമാനമാണ് ഗ്രാമ പഞ്ചായത്ത് നൽകേണ്ടത്. പദ്ധതി അടങ്കൽ 156 ലക്ഷം രൂപയായി എസ്.എസ്.എ അധികൃതർ നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ആയതിനാനുപാതികമായ 62.37 ലക്ഷം രൂപയ്ക്ക് പകരം 40 ലക്ഷം രൂപയാണ് ഗ്രാമ പഞ്ചായത്ത് കൈമാറിയിട്ടുള്ളത് . ഗ്രാമ പഞ്ചായത്ത് നല്കിയ തുകയ്ക്കാനുപാധികമായി 100 ലക്ഷം രൂപയുടെ പദ്ധതികൾ പഞ്ചായത്തിൽ നടപ്പിലാക്കപ്പെടേണ്ടതുണ്ട്.എസ്.എസ്.എ അധികൃതർ നല്കിയ വിനിയോഗസാക്ഷ്യപത്രം പ്രകാരം 31.3.2019 വരെ 74.88 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതു പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതത്തിൽ നിന്നും 29.95 ലക്ഷം രൂപ മാത്രമാണ് വിനിയോഗിക്കപ്പെട്ടിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് നല്കിയ വിഹിതത്തിനാനുപാതികമായി സർക്കാർ വിഹിതവും വിനിയോഗിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. ഇതനുസരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.കൂടാതെ എസ്.എസ്.എ വിനിയോഗ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയ പ്രകാരം ഗ്രാമ പഞ്ചായത്തിൽ തുക വിനിയോഗിച്ചിട്ടുണ്ടോയെന്നുള്ള കാര്യം പരിശോധിച്ച് നിർവ്വഹണഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

# 1-24 സ്കൂൾ പ്രവേശനോത്സവം -ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തത് സംബന്ധിച്ച്.

നിർവ്വഹണ ഉദ്യോഗസ്ഥൻ ഹെഡ് മാസ്റ്റർ നടപ്പാക്കിയ പ്രൊ.നം 206/2019 പ്രകാരം സ്കൂൾപ്രവേശനോത്സവത്തിന്റെ ചെലവുകൾക്കായി ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും അനുവദിച്ച 50000 രൂപ (ചെക്ക്.നം25975/27.3.2019)വിവിധ സ്കൂളുകൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്ത സ്കൂളുകളിൽ നിന്നുമുള്ള ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല, . വിശദാംശം ചുവടെ ചേർക്കുന്നു.

പ്രവേശനോത്സവം ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത സ്കൂളുകൾ

| ക്രമ.നം | സ്കൂളിന്റെ പേര് | നല്കിയ തുക |
|---|---|---|
| 1 | GUPS തെക്കിൽ പറമ്പ | 5,000/- |
| 2 | GUPS കോളിയടുക്കം | 4,000/- |
| 3 | GFUPS കീഴൂർ | 5,000/- |
| 4 | GLPS കളനാട് ന്യൂ | 2,500/- |
| 5 | GUPS ചെമ്പരിക്ക | 4,000/- |
| | ആകെ | 20,500 |

പ്രവേശനോത്സവുമായി ബന്ധപ്പെട്ട് മേൽ ചെലവ് രേഖകൾ എത്രയും വേഗം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതുവരെ 20,500/ രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി.നം.6/03.09.2019)

# 1-25 മരാമത്ത് പ്രവൃത്തികളുടെ ആധിക്യം നിർവ്വഹണത്തെയും നടപടിക്രമങ്ങളെയും ബാധിക്കുന്നു.

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ നിർവ്വഹണദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയർക്ക് 6,13,14,361/- രൂപ ആകെ പദ്ധതി അടങ്കലുള്ള 236 പ്രൊജക്റ്റുകളാണ് നിർവഹിക്കാനുണ്ടായിരുന്നത്. ഇതിൽ 109 പദ്ധതികളാണ് തൻവർഷം അസിസ്റ്റൻറ് എഞ്ചിനയർ നിർവ്വഹണം നടത്തിയത്. 109 പൊതുമരാമത്ത് പ്രവൃത്തികൾക്കായി 2,29,07,550/- രൂപയാണ് നിർവ്വഹണോദ്യോഗസ്ഥൻ ചെലവഴിച്ചത്. അതായത് ആകെ അടങ്കലിൻറെ 37.36% തുക ചെലവഴിച്ചു. പൊതുമരാമത്ത് മേഖലയിൽ 2018-19 വർഷം നിർവഹിക്കാനുണ്ടായിരുന്ന 236 പദ്ധതികളിൽ 88 എണ്ണം സ്പിൽഓവർ പ്രൊജക്റ്റുകളായിരുന്നു, ഇതിൽ 63 എണ്ണം തൻവർഷം നിർവ്വഹണം നടത്തി. ആകെ നിർവഹണത്തിനുണ്ടായിരുന്ന 148 പുതിയ പ്രൊജക്റ്റുകളിൽ 46 എണ്ണവും തൻവർഷം നിർവ്വഹണം നടത്തിയിട്ടുണ്ട്. അതായത് തൻവർഷം നിർവ്വഹണം നടത്തേണ്ടിയിരുന്ന പദ്ധതികളിൽ 102 പ്രൊജക്റ്റുകളും നടപ്പാക്കിയിട്ടില്ല.

പദ്ധതികളുടെ ബാഹുല്യം കാരണം പല ആവശ്യരേഖകളും വർക്ക് ഫയലിൽ സൂക്ഷിച്ചിട്ടില്ല. മിക്ക ഫയലുകളിലും കരാറുമായി നിർവഹണോദ്യോഗസ്ഥൻ ഏർപ്പെട്ട കരാറുടമ്പടി അപൂർണ്ണമാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ വർക്ക് ഫയലിൽ എസ്റ്റിമേറ്റിനൊപ്പം സൂക്ഷിക്കേണ്ട ഡാറ്റ ഒരു ഫയലിലും ഇല്ല. കരാറുകാർ സ്വന്തം ചെലവിൽ ടാർ വാങ്ങി ചെയ്ത ചില റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയലിൽ കരാറുകാരൻ വാങ്ങിയ ടാറിന്റെയും എമൽഷന്റെയും ബില്ലുകൾ ഉൾപ്പെടുത്തിയിട്ടില്ല.

പദ്ധതികളിൽ ഭൂരിഭാഗം പൂർത്തീകരിച്ചത് സാമ്പത്തിക വർഷാവസാനത്തിലാണ്. പദ്ധതി നിർവഹണം അവസാന മാസങ്ങളിലേക്ക് നീട്ടി കൊണ്ടു പോയത് പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തൽ ചെക്ക് മെഷർമെൻറ് ചെയ്യൽ എന്നിവയെ സാരമായി ബാധിക്കും. പദ്ധതികളുടെ ബാഹുല്യവും സാമ്പത്തിക വർഷാവസാനം പ്രവൃത്തികൾ തിരക്കിട്ട് നടപ്പാക്കിയതും പ്രവൃത്തികളുടെ കൃത്യമായ വിലയിരുത്തൽ നടത്താതെ അളവ് രേഖപ്പെടുത്തൽ, ചെക്ക് മെഷർമെൻറ് ചെയ്യൽ എന്നിവ നടത്തുന്നതിന് ഇടയാക്കും. സാമ്പത്തിക വർഷവസാനം പദ്ധതികൾ തിരക്കിട്ട് നടപ്പാക്കുന്നത് പ്രവൃത്തികളുടെ ഗുണ നിലവാരത്തെയും ബാധിക്കും.

2018-19 വർഷം നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല. 29.03.2018ലെ സർക്കാർ ഉത്തരവ് നമ്പർ 72/2017/തസ്വഭവ പ്രകാരം പദ്ധതികളുടെ മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകളാണ് നിർവഹിക്കേണ്ടത്. പൊതുമരാമത്ത് മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പാണ് മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തേണ്ടത്. പദ്ധതികളുടെ ബാഹുല്യവും സാമ്പത്തിക വർഷാവസാനം പ്രവൃത്തികൾ തിരക്കിട്ട് നടപ്പാക്കിയതും പ്രവൃത്തികളുടെ കൃത്യമായ വിലയിരുത്തലിനും മോണിറ്ററിംഗിനും തടസ്സമായി.

ഓഡിറ്റ് വർഷം നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ഭൂരിഭാഗവും 100 മീറ്ററിൽ കുറഞ്ഞ നീളത്തിലാണ് കോൺക്രീറ്റിംഗ് നടത്തിയിട്ടുള്ളത്. അതുപോലെതന്നെ ചെറിയ നീളത്തിലുള്ള റോഡ് ടാറിംഗ് പ്രവൃത്തികളും തൻവർഷം നടപ്പാക്കിയിട്ടുണ്ട്. (ഉദാഹരണം: പ്രൊജക്റ്റ് നം 300/19 ജുമാസ്ജിദ് പൊയ്യപ്പാട് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിയിൽ 16മീറ്റർ നീളത്തിലാണ് കോൺക്രീറ്റിംഗ് നടത്തിയിട്ടുള്ളത്, പ്രൊജക്റ്റ് നം 242/19 നയാബസാർ കണ്ടത്തിൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിയിൽ 57മീറ്റർ നീളത്തിലാണ് കോൺക്രീറ്റിംഗ് നടത്തിയിട്ടുള്ളത്, പ്രൊജക്റ്റ് നം 240/19 കോളിയടുക്കം കോണത്തമൂല റോഡ് ടാറിംഗ് പ്രവൃത്തിയിൽ 88മീറ്റർ നീളത്തിലാണ് ടാറിംഗ് നടത്തിയിട്ടുള്ളത്, പ്രൊജക്റ്റ് നം 233/19 അമ്പത്തഞ്ചാം മൈൽ കനിയടുക്കം റോഡ് ടാറിംഗ് പ്രവൃത്തിയിൽ 90മീറ്റർ നീളത്തിലാണ് ടാറിംഗ് നടത്തിയിട്ടുള്ളത്). തീരെ ചെറിയ നീളത്തിലുള്ള ഒരു പ്രവൃത്തിക്കുവേണ്ട നടപടിക്രമങ്ങൾ മറ്റ് പ്രവൃത്തികൾക്ക് തുല്യമാണ്. ഇപ്രകാരം ചെറിയ നീളത്തിൽ റോഡ് പ്രവൃത്തി ചെയ്യുന്നതുകൊണ്ട് പൊതുജനങ്ങൾക്ക് കാര്യമായ പ്രയോജനം ലഭിക്കുന്നില്ല. വളരെ ചെറിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാൻ കരാറുകാർക്കും പ്രയാസമാണ്. ആയതിനാൽ ഇങ്ങനെയുള്ള പ്രവൃത്തികൾക്ക് മത്സരാധിഷഠാനത്തിലുള്ള ടെണ്ടർ ഉണ്ടാകുന്നില്ല. റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കി പദ്ധതികളുടെ ആവശ്യകത നിർണ്ണയിച്ച് മുൻഗണനാ ക്രമത്തിൽ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഫണ്ടുകൾ വാർഡ് അടിസാഥനത്തിൽ വിഭജിച്ച് പദ്ധതികൾ തയ്യാറാക്കുന്നതാണ് പദ്ധതികളുടെ ബാഹുല്യത്തിൻറെ പ്രധാന കാരണം. പദ്ധതികൾ തയ്യാറാക്കുന്നത് യഥാർത്ഥ ആവശ്യം പരിഗണിച്ചല്ല, മറിച്ച് ഫണ്ട് ലഭ്യതയടിസ്ഥാമാക്കിയാണ്. വാർഡ് അടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന പ്രവണ ഒഴിവാക്കി ഗ്രാമപഞ്ചായത്തിനെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും സുപ്രധാന പങ്ക് വഹിക്കാൻ കഴിയുന്ന വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഇക്കാര്യത്തിലാവശ്യണാണ്.

## 1-26 റോഡ് കണക്ടിവിറ്റി ഭുപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല.

പതിമൂന്നാം പദ്ധതിയിലെ 2018-2019 മുതലുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖയിലെ ( ജി.ഒ. (എം.എസ്) നം. 11/2018 /ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 29.01.2018 ) ഖണ്ഡിക. 7.13 ൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷം നടപ്പാക്കിയ റോഡ് പ്രവൃത്തികൾ ഇത്തരത്തിലുള്ള പ്ലാനിന്റെ അടിസ്ഥാനത്തിലല്ല ചെയ്തിരിക്കുന്നത്. റോഡ് പ്രവൃത്തികളുടെ പ്രൊജക്ട് തയ്യാറാക്കുന്നതിന് പ്രസ്തുത നിർദ്ദേശപ്രകാരമുള്ള റോഡ് കണക്ടിവിറ്റി പദ്ധതി അത്യാവശ്യമാണ്. പുതുതായി നിർമ്മിക്കേണ്ടതും, പരിഷ്കരിക്കേണ്ടതുമായ റോഡുകളെ കണ്ടെത്തി അവയ്ക്ക് അനുസൃതമായ രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കണം. ആയതിനാൽ പദ്ധതി മാർഗ്ഗരേഖയ്ക്കനുസൃതമായി റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി റോഡ് പ്രവൃത്തികൾ നടപ്പാക്കേണ്ടതാണ്.

## 1-27 ജി.എൽ.പി. സ്കൂൾ പെരുമ്പള ശുചിമുറി നിർമ്മാണം- പദ്ധതി നിർവ്വഹണത്തിൽ അപാകത.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 305/19. |
| പദ്ധതിയുടെ പേര് | ജി.എൽ.പി. സ്കൂൾ പെരുമ്പള ശുചിമുറി നിർമ്മാണം. |
| അടങ്കൽ | 3,00,000/-രൂപ (വികസന ഫണ്ട് പൊതു വിഭാഗം-സാധാരണ വിഹിതം) |
| കരാറുകാരൻ | ശ്രീ. ഖാദർകുഞ്ഞി.എം.ബി. |
| പി.എ.സി | 2,99,140/- രൂപ. |
| എം ബുക്ക് നം | 237/17-18, 28/17-18, 332/17-18 |

ജി.എൽ.പി. സ്കൂൾ പെരുമ്പളയിൽ ശുചിമുറി നിർമ്മിക്കുന്നതിനുള്ള പദ്ധതിക്കായി 17.10.2017 ന് നടന്ന ടെണ്ടറിൽ ചുവടെ പറയുന്ന കരാറുകാർ ടെണ്ടർ സമർപ്പിച്ചിരുന്നു.(വർക്ക് ഫയൽ, ടെണ്ടർ രജിസ്റ്റർ 2017-18 എന്നിവ പ്രകാരം ലഭ്യമായ വിവരം)

| ക്രമ നം | കരാറുകാരന്റെ പേര് | ക്വാട്ട് ചെയ്ത നിരക്ക് |
|---|---|---|
| 1 | ശ്രീ. ഖാദർകുഞ്ഞി.എം.ബി | എസ്റ്റിമേറ്റ് നിരക്കിനേക്കാളും 11.2% കുറവ് |
| 2 | ശ്രീ. മൊയ്ദീൻകുഞ്ഞി | എസ്റ്റിമേറ്റ് നിരക്കിനേക്കാളും 10% കുറവ് |
| 3 | ശ്രീ. ഷാഹിദ്.കെ | എസ്റ്റിമേറ്റ് നിരക്കിനേക്കാളും 11.11% കുറവ് |
| 4 | ശ്രീ. ബി.എ. സുബൈർ | എസ്റ്റിമേറ്റ് നിരക്കിനേക്കാളും 10.88% കുറവ് |
| 5 | ശ്രീ. ബി. അബ്ദുള്ള | എസ്റ്റിമേറ്റ് നിരക്കിനേക്കാളും 10.55% കുറവ് |

26.10.2017 ലെ പഞ്ചായത്ത് തീരുമാനം നമ്പർ 1/1 പ്രകാരം എറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. ഖാദർകുഞ്ഞി.എം.ബി സമർപ്പിച്ച ടെണ്ടർ അംഗീകരിക്കുകയും കരാറുകാനെ പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തു.

പ്രവൃത്തിയുടെ അളവ് പുസ്തകം ( നം 237/17-18) പ്രകാരം 17.11.2017 ന് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. അളവ് പുസ്തകം ( നം 28/17-18, പേജ് നം.18) പ്രകാരം 15.04.2018നാണ് അവസാനമായി അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം രേഖപ്പെടുത്തിയ അളവുകളുടെയടിസാഥാനത്തിൽ പാർട്ട് ബില്ല് തയ്യാറാക്കി കരാറുകാന് ചുവടെ പറയും പ്രകാരം 2,35,592/- രൂപ നൽകിയിട്ടുണ്ട്.

| | |
|---|---|
| ആകെ അളവ് മൂല്യം | ₹ 2,53,053/- |
| (-) 5% റിട്ടൻഷൻ | ₹ 12,653/- |
| ആകെ | ₹ 2,40,400/- |
| (-) 1% ആദായ നികിതി | ₹ 2,408/- |
| (-) 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം | ₹ 2,408/- |
| കരാറുകാന് നൽകിയ തുക | ₹ 2,35,592/- |
| ട്രഷറി ബിൽ നം | 49/19 തീയതി:31.08.2018 |

ഈ പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന അപാകതകളുണ്ട്.

1) പ്രവൃത്തിയുടെ കരാറുകാനായ ശ്രീ. ഖാദർകുഞ്ഞി.എം.ബി സമർപ്പിച്ച ടെണ്ടർ ഫോറം, ടെണ്ടർ ഷെഡ്യൂൾ, പ്രിലിമിനറി എഗ്രിമെന്റ്, നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറുകാനുമായി ഏർപ്പെട്ട എഗ്രിമെന്റ്, കരാറുകാനെ പ്രവൃത്തി ഏൽപ്പിച്ചുകൊണ്ടുള്ള സെലക്ഷൻ നോട്ടീസ്, കരാറുകാന് വർക്ക് സൈറ്റ് കൈമാറിയതിന്റെ ഫോറം തുടങ്ങിയ രേഖകളുടെയെല്ലാം ഫോട്ടോ കോപ്പിയാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. പ്രവർത്തിയുടെ കരാറുകാനായ ശ്രീ. ഖാദർകുഞ്ഞി.എം.ബി, വ്യാജ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഗ്രാമ പഞ്ചായത്തിൽ നൽകിയതുമായി ബന്ധപ്പെട്ട് കേസ് നിലവിലുള്ളതിനാൽ ഒറിജിനൽ രേഖകളെല്ലാം പോലീസ് കസ്റ്റഡിയിലാണ് എന്നാണ് നിലവിലെ അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചത്. ഇത്തരത്തിലുള്ള തിരിമറി നടന്ന വിവരം ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ ഓഡിറ്റ് വിഭാഗത്തെ അറിയിക്കണമെന്ന് വ്യവസ്ഥ (കേരള ഫിനാൻഷ്യൽ കോഡ്-ആർട്ടിക്കിൾ 297) ചെയ്തിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. കേസിന്റെ പുരോഗതി ഓഡിറ്റ് വിഭാഗത്തെ അറിയിക്കേണ്ടതാണ്.

2) പ്രവൃത്തിയുടെ അളവ് പുസ്തകം (നം 28/17-18, പേജ് നം.18) പ്രകാരം 15.04.2018നാണ് അവസാനമായി അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെയടിസ്ഥാനത്തിൽ കരാറുകാന് പാർട്ട് ബില്ല് പ്രകാരം തുകയും അനുവദിച്ചിട്ടുണ്ട്. ആയതിനു ശേഷം മറ്റ് നിർമ്മാണ പ്രവർത്തനങ്ങളൊന്നും തന്നെ നടന്നിട്ടില്ല. പദ്ധതി ഭാഗികമായി മാത്രമാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്.

3) പാർട്ട് ബില്ല് പ്രകാരം കരാറുകാന് 2,35,592/-രൂപ അനുവദിച്ചപ്പോൾ 11.2% ടെണ്ടർ കിഴിവ് നടത്താതെയാണ് തുക അനുവദിച്ചിരിക്കുന്നത്. ആയത് 28,342/ (₹ 2,53,053/- രൂപയുടെ 11.2%) കരാറുകാരന് അധികം അനുവദിക്കുന്നതിനിടയാക്കി. പ്രവൃത്തിക്കായി അധികം ചെലവഴിച്ച തുക 28,342/- രൂപ പ്രവൃത്തിയുടെ അന്തിമ ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

പദ്ധതി പൂർത്തിയാക്കാത്തതതിനാൽ പ്രവൃത്തിക്കായി ചെലവഴിച്ച 2,40,400/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-28 തെരുവ് വിളക്ക് സ്ഥാപിക്കൽ, തെരുവ് വിളക്ക് റിപ്പയർ - വ്യക്തമായ കണക്കില്ലാതെ പ്രൊജക്ടുകൾ നടപ്പാക്കുന്നു.

<u>നിർവ്വഹണം- സെക്രട്ടറി</u>

| Sl no | പദ്ധതിയുടെ വിവരം | ചെലവ് | കുറിപ്പുകൾ |
|---|---|---|---|
| 1 | തെരുവ് വിളക്ക് റിപ്പയർ - SO 0005/18-19 | ബിൽ നം. 17/18-19 dtd 15.3.2019; 2,99,300 രൂപ + ബിൽ നം. 21/18-19 dtd 25.3.2019; 65,826 രൂപ. ആകെ- **3,65,126 രൂപ** | തെരുവു വിളക്കു സാമഗ്രികൾ വാങ്ങുന്നതിനും ലേബർ ചാർജ്ജ് ഇനത്തിലുമാണ് തുക ചെലവഴിച്ചിട്ടുള്ളത്. എന്നാൽ സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലും, സ്റ്റോക്ക് വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| | തെരുവ് | ബിൽ നം. 15/18-19 | തെരുവ് വിളക്കുകളുടെ വിലയും ആയതിന് ആവശ്യമായ |

| | | | |
|---|---|---|---|
| | വിളക്ക് സ്ഥാപിക്കൽ - SO 222/18-19 | dtd 12.3.2019; **20,32,500 രൂപ** | ഇൻസ്റ്റലേഷൻ ചാർജ്ജും KREWS ന് നൽകിയിട്ടുണ്ടെങ്കിലും തെരുവ് വിളക്കുകൾ വാങ്ങിയതിന്റെ ബില്ലും, സ്റ്റോക്ക് വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തെരുവ് വിളക്കുകൾ പുതുതായി സ്ഥാപിക്കുന്നതിനായി 14,48,240 രൂപ ചെലവഴിച്ച് രണ്ട് പ്രോജക്ടുകൾ 2017-18 വർഷവും നടപ്പിലാക്കിയിരുന്നു. |
| | ആകെ | 23,97,626 രൂപ | |

**<u>മുകളിൽ പറഞ്ഞ പദ്ധതികൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകങ്ങൾ താഴെ പറയുന്നു.</u>**

1) തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ 2017- 18 വർഷം മുതൽ വാങ്ങിയ തെരുവ് വിളക്കുകളുടെ കണക്ക് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. അതിനാൽ പഞ്ചായത്തിൽ ഇനം തിരിച്ചുള്ള വിളക്കുകളുടെ എണ്ണം ലഭ്യമല്ല.

2) സർക്കാർ ഉത്തരവ് (എം. എസ്) 1093/2017 തസ്വഭവ തി. 5.4.2017 പ്രാകാരം ആണ് ക്രൂസിൽ നിന്നും എൽ ഇ ഡി വിളക്കുകൾ വാങ്ങാൻ തീരുമാനിച്ചത്. ഈ ഉത്തരവിൽ കേരള ഗ്രാമജ്യോതി ലൈറ്റിംഗ് പൂർണ്ണമായി സ്വന്തമായി ഉത്പാദിപ്പിക്കുന്ന ഇലക്ട്രിക്കൽ അനുബന്ധ ഉപകരണങ്ങൾ നേരിട്ടു വാങ്ങുന്നതിനാണ് അനുമതി നൽകിയത്. എന്നാൽ ബില്ലുകൾ ഹാജരാക്കാത്തതിനാൽ ഇവ KREWS സ്വന്തമായി നിർമ്മിച്ചതാണോ എന്ന കാര്യം വ്യക്തമല്ല.

3)തെരുവ് വിളക്കുകൾ സ്ഥാപിച്ചതായി മോണിട്ടറിംഗ് സമിതിയോ കെ എസ് ഇ ബി യോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ തെരുവ് വിളക്കുകൾ സ്ഥാപിക്കുമ്പോഴും, റിപ്പയർ ചെയ്യുമ്പോഴും ഇലക്ട്രിക് പോസ്റ്റ് നമ്പർ കാണിക്കാഞ്ഞതിനാൽ തൊട്ട് മുൻവർഷം സ്ഥാപിച്ച പോസ്റ്റുകളിലെ വിളക്കുകൾ തന്നെയാണോ നന്നാക്കിയതെന്ന് വ്യക്തമല്ല.

4) വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് നടത്തിയില്ല. സ്റ്റാന്റിംഗ് കമ്മിറ്റി ഇതു സംബന്ധിച്ച് പരിശോധന നടത്തിയില്ല. ഓരോ വർഷം സ്ഥാപിക്കുന്ന തെരുവ് വിളക്കുകൾക്ക് 2 വർഷം വാറന്റിയുണ്ടെങ്കിലും, തെരുവ് വിളക്കുകൾ റിപ്പയറുകൾ നടത്തുന്നതും തുടർ സേവനം നടത്തുന്നതും വാറന്റി പീരിയഡിലല്ല എന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തുന്നില്ല. പ്രോജക്ട് നിർവഹണത്തിന്റെ പ്രായോഗികമായ ഫലപ്രാപ്തി ഭരണ സമിതി എപ്രകാരമാണ് വിലയിരുത്തിയത് എന്ന് വ്യക്തമാക്കേണ്ടതാണ്. മോണിറ്ററിങ്ങ് സമിതിയായി വർത്തിക്കേണ്ട വികസന സ്ഥിരം സമിതി ഈ പ്രോജക്ടിന്റെ മോണിറ്ററിങ്ങ് നടത്തിയതായ രേഖയും ഫയലിൽ ഇല്ല.

5) മുൻവർഷം പുതിയതായി സ്ഥാപിച്ച 2 വർഷം വാറന്റിയുള്ള തെരുവ് വിളക്കുകൾ തന്നെയാണോ അടുത്ത വർഷം റിപ്പയർ ചെയ്യുന്നതെന്ന് നിരീക്ഷിക്കുന്നതിന് നിലവിലെ രജിസ്റ്റർ സൂക്ഷിപ്പ് പ്രകാരം സാധ്യമല്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ ഈ വിഷയം പരിശോധിക്കുന്നതായും കാണുന്നില്ല.

6)2018-19 വർഷം ആവശ്യകത അനുസരിച്ചാണോ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്ന പ്രൊജക്ട് തയ്യാറാക്കിയത് എന്നത് സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ് തീരുമാനം എടുത്തില്ല.

7) 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 3-2 ൽ വിവരിച്ച അപാകതകൾ ഈ വാങ്ങൽ പ്രവർത്തിയിലും ഉണ്ടായിട്ടുണ്ട്.

അപാകതകൾ പരാമർശിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/3.9.2019 -ന് മറുപടി നൽകിയിട്ടില്ല. സാധനങ്ങൾ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ ഹാജരാക്കാത്തതിനാലും അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാത്തതിനാലും ഈയിനത്തിൽ രണ്ട് പ്രോജകടുകളിലായി ചെലവഴിച്ച 23,97,626/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അറ്റകുറ്റപ്പണി സംബന്ധിച്ച് വിലയിരുത്തൽ നടത്താതെ കരാറുകാരൻ നല്കുന്ന തെറ്റായ കണക്കുകൾ വാർഡ് മെമ്പർമാർ അംഗീകരിച്ച നല്കുക വഴി പദ്ധതിപ്പണത്തിന്റെ ദുർവിനിയോഗത്തിനുള്ള അവസരം കൂടി സൃഷ്ടിക്കുകയാണ് ചെയ്യുന്നതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-29 ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന രസീത് ഹാജരാക്കിയിട്ടില്ല.

വൗച്ചർ നമ്പർ -021800401/ 14. 09.2018 തുക – 5,00,000 രൂപ

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള ഗ്രാമപഞ്ചായത്തിന്റെ സംഭാവനയായി 5,00,000 രൂപ മേൽ വൗച്ചർ പ്രകാരം ചെലവഴിച്ചതായി കാണുന്നു. എന്നാൽ തുക കൈപ്പറ്റിയത് സംബന്ധിച്ച യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11 (4)/3.9.2019 -ന് മറുപടി നൽകിയിട്ടില്ല. പെരുമ്പള സർവ്വീസ് സഹകരണ ബാങ്കിലെ ചെക്ക് നം 2588/12.09.2018 പ്രകാരമാണ് 5 ലക്ഷം രൂപ പിൻവലിച്ചിട്ടുള്ളത്. രസീത് പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ 5,00,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 ഐ.എസ്.ഒ അംഗീകാരം ലഭ്യമാക്കൽ- അപാകത

പ്രോജക്ട് നം- SO 003/2018-19

ചെലവ് തുക- 61,360രൂപ

ഐ.എസ്.ഒ അംഗീകാരം ലഭ്യമാക്കൽ എന്ന ഈ പ്രോജക്ടിന്റെ ഭാഗമായി വൗച്ചർ നമ്പർ 21800924/14.2.2019 പ്രകാരം 49,600 രൂപ സ്റ്റീൽ റാക്കുകൾ വാങ്ങുന്നതിനു വേണ്ടി സിഡ്കോ കാസർഗോഡിന് നല്കിയിട്ടുണ്ട്. സിഡ്കോ താഴെ കൊടുത്തിട്ടുള്ള സ്റ്റീൽ റാക്കുകളാണ് വിതരണം ചെയ്തതായി ബില്ലിൽ കാണുന്നത്,

| സ്റ്റീൽ റാക്കുകളുടെ വിവരം | എണ്ണം | നല്കിയ തുക | ഒരെണ്ണത്തിന്റെ വില |
|---|---|---|---|
| Steel slotted Angle Rack 6 pannel 180x90x38cm (20w) | 7 | 31,906 | 4,558 |
| Steel slotted Angle Rack 3 pannel 90x90x38cm (20w) | 4 | 10,128 | 2,532 |

സ്റ്റോക്ക് രജിസ്റ്ററിൽ 11 റാക്കുകളും ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ഭൗതീക പരിശോധനയിൽ ഏഴ് 6 പാനൽ റാക്കുകളും ഒരു 3 പാനൽ റാക്കും മാത്രമെ പഞ്ചായത്തിൽ കാണുവാൻ സാധിച്ചിട്ടുള്ളൂ. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11 (3)/3.9.2019 -ന് മറുപടി നൽകിയിട്ടില്ല. റാക്കുകളുടെ നിലവിലെ സ്ഥിതി ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്, അല്ലാത്ത പക്ഷം നഷ്ടപ്പെട്ട സാധനങ്ങളുടെ വില ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്. ഐ.എസ്.ഒ അംഗീകാരവുമായി ബന്ധപ്പെട്ട നിലവിലെ പ്രവർത്തനങ്ങളെ കുറിച്ചും വിശദീകരണം നല്കേണ്ടതാണ്.

## 1-31 ഓഡിറ്റ് ഇംപാക്ട്- 23,100 രൂപ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് അടവാക്കി.

2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് സമയത്ത്, മാന്വൽ ഡ്രഡ്ജിംഗിന് ലൈസൻസ് ഇനത്തിൽ തോണി ഒന്നിന് 1,155രൂപ നിരക്കിൽ 20 തോണി ഉടമകളിൽ നിന്ന് 23,100 രൂപ ഈടാക്കിയതായിട്ടില്ലെന്ന ഓഡിറ്റ് എൻക്വയറിയെ (ഓഡിറ്റ് എൻക്വയറിനം-11(5)/03.09.2019) തുടർന്ന് 23,100/- രൂപ രസീത് നം-11901010 6259/04.09.2019 പ്രകാരം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വസ്തു നികുതി നിർണ്ണയത്തിൽ അപാകത.

ഓഡിറ്റ് വർഷത്തെ വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ വസ്തു നികുതി നിർണ്ണയത്തിൽ പല അപാകതകളും കാണുകയുണ്ടായി. 14.01.2011-ലെ കേരള സർക്കാരിന്റെ സ.ഉ(അ) നമ്പർ 20/2011/ത.സ്വ.ഭ.വ എന്ന വിജ്ഞാപന പ്രകാരം നിലവിൽ എന്ന 2011 ലെ പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ അനുസരിച്ച് ഗ്രാമ പഞ്ചായത്തിലെ വിവിധതരം ഉപയോഗങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ച് നമ്പർ എ4-7717/11 തീയ്യതി 22.10.2011 പ്രകാരം പ്രസിദ്ധപ്പെടുത്തിയിരുന്നു. ആയതിൻ പ്രകാരമാണ് പഞ്ചായത്തിലെ നികുതി ചുമത്തുന്നത്. എന്നാൽ താഴെ കൊടുത്തിട്ടുള്ള കെട്ടിടങ്ങളുടെ പൂർത്തീകരണ തീയ്യതി മുതലുള്ള വസ്തു നികുതിയും, പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കിയുള്ള വസ്തു നികുതിയും ഓഡിറ്റ് വർഷം ഈടാക്കി കാണുന്നില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

**1)കെട്ടിടത്തിന്റെ പൂർത്തീകരണ തീയ്യതി മുതലുള്ള വസ്തു നികുതി ഈടാക്കിയിട്ടില്ല.**

ഉടമസ്ഥന്റെ പേര് -- മുഹമ്മദ് നൗഷാദ്.കെ.എ

കെട്ടിട നമ്പർ --2/288 A1 to A4, B1 to B4, C1 to C4

| കെട്ടിടത്തിന് ചുമത്തിയ നികുതി | നികുതി ചുമത്തിയ തീയ്യതി. | കെട്ടിടം നിർമ്മാണം പൂർത്തിയാക്കിയ തീയ്യതി | നികുതി ചുമത്തേണ്ടിയിരുന്ന തീയ്യതി | കുറവ് വന്ന നികുതി |
|---|---|---|---|---|
| 3848 + 186 | 1.4.2019 | 12.12.2018 | 1.4.2018 | 3848 + 186 |

12.12.2018 -നാണ് വസ്തുനികുതി കെട്ടിടം നിർമ്മാണം പൂർത്തിയാക്കിയതായി കംപ്ലീഷൻ നല്കിയിട്ടുള്ളത്, ആയത്കൊണ്ട് 2018-19 സാമ്പത്തിക വർഷം മുതലാണ് നികുതി അടക്കേണ്ടത് എന്നാൽ ഇവിടെ നികുതി ചുമത്തിയിട്ടുള്ളത് 1.4.2019 മുതലാണ്. ആയത് എത്രയും പെട്ടെന്ന തന്നെ ക്രമീകരിക്കേണ്ടതും നികുതിയിനത്തിൽ കുറവ് വന്ന 4034 രൂപ (3848 + 186) ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതുമാണ്.

**2)പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കിയുള്ള വസ്തു നികുതി ഈടാക്കിയിട്ടില്ല.**

ഉടമസ്ഥന്റെ പേര് -- എ.നളിനാക്ഷൻ നായർ.

കെട്ടിട നമ്പർ -- X-637Ato Z, X-637 A1 to A2.-

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം(m2)-GF-486.19 m2

FF-261.59 m2

ആകെ= 743.73 m2

| കെട്ടിട ത്തിന്റെ നിലകളുടെ | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | കുറവ് വന്ന തുക |
|---|---|---|---|

| വിവരം | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | |
| G.F- 486.19 m2 | 60 X 632.52m2= 37951.2 | 20% = 7590.24 | -- | 45541.44+ LC | 60X 486.19= 29171.4 | 20%= 5834.28 | -- | 35005.68+ LC | 7356.92+ LC |
| F.F-261.59 m2 | | | | | 60 X 261.59= 15695.4 | 20%= 3139 | 5%= 941.72 | 17892.68+ LC | |
| | | | | 45541.44+ LC | | | | 52898.36+ LC | 7356.92+ LC @ 7357+LC |

വസ്തു നികുതിയിനത്തിൽ കുറവു വന്ന 7725(7357 + 368) രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്. കൂടാതെ തുടർന്നുള്ള വർഷങ്ങളിലെ നികുതി പുതുക്കി ക്രമീകരിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.12/3.9.2019).

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പരമ്പരാഗത തൊഴിൽ ചെയ്യുന്നവർക്ക് ധനസഹായം -സബ്സിഡി മാർഗ്ഗരേഖ ലംഘിച്ച് ആനുകൂല്യം നല്കി- അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ അസി.സെക്രട്ടറി 2018-19 വർഷം നടപ്പാക്കിയ പ്രൊജക്റ്റ് നം 214/19 പരമ്പരാഗത തൊഴിൽ ചെയ്യുന്നവർക്ക് ധനസഹായം (എസ്.സി.പി)-എന്ന പദ്ധതി പ്രകാരം രണ്ട് ഗുണഭോക്താക്കൾക്കായി ബാക്ക് എൻഡ് സബ്സിഡിയായി 100000/- രൂപ (ട്രഷറി ബിൽ നം 12/ തി.4.2.2019) ഗ്രാമ പഞ്ചായത്തിലെ രണ്ട് സഹകരണ ബാങ്കുകൾക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ജി.ഒ (എം.എസ്) നം 22/18 ത.സ്വ.ഭ.വ തി.14.02.2018 ഉത്തരവ് പ്രകാരം അസംസ്കൃത വസ്തുക്കൾ വാങ്ങി സ്വയം തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്ന പരമ്പരാഗത കൈത്തൊഴിലുകൾ -(മുള, ഈറ, വൈക്കോൽ, തഴ , തടി , ചിരട്ട, തുടങ്ങിയവ ഉപയോഗിച്ചുള്ള തൊഴിലുകൾ, മൺപാത്ര നിർമ്മാണം , കയർ പിരിക്കൽ,വകരകൗശല പ്രവൃത്തികൾ),- ചെയ്യുന്നവർക്ക് ഈ പദ്ധതിപ്രകാരം ആനുകൂല്യം നല്കാവുന്നതാണ്. എന്നാൽ സബ്സിഡി മാർഗ്ഗരേഖപ്രകാരം അനുവദനീയമല്ലാത്ത ഫിനോയിൽ നിർമ്മാണത്തിന് ശ്രീമതി ശോഭ കെ.ആഡ്യത്ത് എന്ന ഗുണഭോക്താവിന് വേണ്ടി പെരുമ്പള സർവ്വീസ് സഹകരണ ബാങ്കിലേയ്ക്കും, കുമ്മായം നിർമ്മാണത്തിനായി ശ്രീ.ബാബു.എൻ എന്ന ഗുണഭോക്താവിന് വേണ്ടി ചെമ്മനാട് സർവ്വീസ് സഹകരണ ബാങ്കിലേയ്ക്കും 50,000/ രൂപ വീതം പദ്ധതിപ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ കൈമാറിയിട്ടുണ്ട്.

ബി) സബ്സിഡി മാർഗ്ഗരേഖപ്രകാരം അർഹതയില്ലാത്ത ശ്രീമതി ശോഭ എന്ന ഗുണഭോക്താവിന് വേണ്ടി പെരുമ്പള സർവ്വീസ് സഹകരണ ബാങ്കിന് കൈമാറിയ **50,000/ രൂപ തിരികെ ഈടാക്കി സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്.** ശ്രീ. ബാബു എന്ന ഗുണഭോക്താവിന് വായ്പ അനുവദിക്കാൻ ആഗ്രഹിക്കുന്നു എന്ന ഒരു കത്ത് മാത്രമാണ് സബ്സിഡി തുക കൈമാറിയ ചെമ്മനാട് സർവ്വീസ് സഹകരണ ബാങ്ക് നല്കിയ കത്തിൽ

സൂചിപ്പിച്ചിട്ടുള്ളത്. കുമ്മായം നിർമ്മാണം സബ്സിഡിമാർഗ്ഗരേഖയിൽ രേഖപ്പെടുത്തിയ പരമ്പരാഗത കൈത്തൊഴിലുകളുടെ പട്ടികയിൽ ഉൾപ്പെടുന്നില്ല. അതുപോലെ വായ്പ അനുവദിച്ചത് സംബന്ധിച്ച രേഖകളോ, അസംസ്കൃത വസ്തുക്കൾ വാങ്ങിയത് സംബന്ധിച്ച രേഖകളോ,ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസെൻസ് എടുത്തത് സംബന്ധിച്ച രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കാതെയാണ് പദ്ധതിതുക കൈമാറിയിട്ടുള്ളത്. സബ്സിഡി തുക കൈമാറുവാനായി ചെമ്മനാട് സർവ്വീസ് സഹകരണ ബാങ്ക് നൽകിയ അക്കൗണ്ട് നമ്പർ ട്രഷറി ബില്ലിൽ തെറ്റായിട്ടാണ് രേഖപ്പെടുത്തിയത്. ഇതുമൂലം സബ്സിഡി തുക ബന്ധപ്പെട്ട ബാങ്കിൽ എത്തിയിട്ടില്ലയെന്ന് ഇതുസംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് നല്കിയ മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂചിപ്പിക്കുകയുണ്ടായി. (ബാങ്ക് നല്കിയ അക്കൗണ്ട് നം.15001100130059 തുക കൈമാറിയ അക്കൗണ്ട് നം.15001100130059). ഇദ്ദേഹത്തിന് അനുവദിച്ച് ട്രഷറിയിൽ സ്ഥിതിചെയ്യുന്ന 50,000/- രൂപ എത്രയും വേഗം ട്രഷറിയിൽ നിന്നും പിൻവലിച്ച് സഞ്ചിത നിധിയിൽ അടവാക്കി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആയതുവരെ **50,000/ രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.**

സി) അംഗീകരിച്ച പ്രൊജക്റ്റ് റിപ്പോർട്ടിലെ രേഖപ്പെടുത്തൽ പ്രകാരം പരമ്പരാഗത തൊഴിൽ ചെയ്യുന്നവർക്ക് അവരുടെ തൊഴിലിന് ആവശ്യമായ അസംസ്കൃത ഉൽപന്നങ്ങൾ വാങ്ങി അതിന്റെ ബിൽ ഹാജരാക്കുന്ന മുറയ്ക്ക് പരമാവധി 5000/ രൂപ വാർഡ് മെമ്പറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നല്കുക എന്നതായിരുന്നു പദ്ധതി ലക്ഷ്യം.എന്നാൽ 2018-19 വർഷത്തിൽ ഇത്തരത്തിൽ ആനുകൂല്യം നല്കുക അനുവദനീയമല്ല. തൻവർഷം നടപ്പാക്കിയ പദ്ധതി സംബന്ധിച്ച് പ്രൊജക്റ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രൊജക്റ്റ് റിപ്പോർട്ടിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തുവാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്

# 3-2 സീറോ വേസ്റ്റ് പദ്ധതി നടത്തിപ്പ് അപാകതകൾ

2018-19 വർഷം നിർവ്വഹണ ഉദ്യോഗസ്ഥൻ അസി.സെക്രട്ടറി നടപ്പിലാക്കിയ സീറോ വേസ്റ്റ് (പ്രൊ.നം 219/18-19) പദ്ധതി നടത്തിപ്പിനായി വികസനഫണ്ടിൽ നിന്നും 10 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 2 ലക്ഷം രൂപയും ഉൾപ്പടെ ആകെ 12 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത് . പദ്ധതി നടത്തിപ്പിനായി ചുവടെ ചേർത്ത പ്രകാരം വിവിധ ട്രഷറി ബില്ലുകൾ പ്രകാരം 7,40,548 രൂപ 2018-19 വർഷം വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ബിൽ നം & തിയതി | തുക |
|---|---|---|
| 1 | 01/22-9-2018 | 6,513/- |
| 2 | 4/30-10-2018 | 2,80,900/- |
| 3 | 9/29-12-2018 | 2,75,100/ |
| 4 | 18/20-3-2019 | 71,415/- |
| 5 | 6/30-10-2018 | 62,600/- |
| 6 | 10/5-2-2019 | 24,300/- |
| 7 | 16/12-3-2019 | 12,750/- |
| 8 | 7/22-12-2018 | 5,782/- |
| 9 | 8/22-12-2018 | 1,188/- |
|  | ആകെ | 7,40,548 |

പദ്ധതി നടത്തിപ്പിൽ നിലവിലുള്ള സർക്കാർ മാനദണ്ഡങ്ങൾ പാലിക്കുന്നതിലും മറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നതിലും ഗുരുതരമായ അപാകതകൾ സംഭവിച്ചതായി ലഭ്യമാക്കിയ രേഖകളുടെ പരിശോധനയിൽ ബോദ്ധ്യപ്പെടുകയുണ്ടായി .

**1) പ്രൊജക്റ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു.**

മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് തൻവർഷം നടപ്പാക്കിയ 219/19 നമ്പർ പ്രൊജക്ട് റിപ്പോർട്ടിലെ രേഖപ്പെടുത്തൽ അനുസരിച്ച് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്

എ) ഹരിത കർമ്മസേനയ്ക്കാവശ്യമായ സാധനങ്ങൾ വാങ്ങുക

ബി) ഹരിത കർമ്മസേനയ്ക്ക് ഹോണറേറിയം നല്കുക

സി) കർമ്മസേന ശേഖരിക്കുന്ന അജൈവമാലിന്യം പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നും ശേഖരിച്ച് കൊണ്ടുവരുന്നതിന് വണ്ടി വാടക നല്കുക.

ഹരിത കർമ്മസേനയ്ക്ക് ആവശ്യമായ ഐഡന്റിറ്റി കാർഡ്, കൈയുറകൾ എന്നിവയ്ക്കായി പദ്ധതിപ്രകാരം 13,483 തുക ചെലവഴിച്ചിട്ടുണ്ട്, കൂടാതെ വിവിധ പ്രദേശങ്ങളിൽ നിന്നും മാലിന്യം ശേഖരിച്ച് കൊണ്ടുവരുന്നതിന് 99,650രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിക്കായി തൻവർഷം ആകെ ചെലവഴിച്ച 7.40 ലക്ഷം രൂപയിൽ 6.27 ലക്ഷം രൂപ വിനിയോഗിച്ചത് ഹരിത കർമ്മസേന ശേഖരിച്ച മാലിന്യം ഗ്രാമ പഞ്ചായത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് വേണ്ടിയാണ് . ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യം പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നും ശേഖരിച്ച് കൊണ്ടുവരുന്നതിനായി പ്രൊജക്ടിൽ തുക വകയിരിത്തിയിരുന്നുവെങ്കിലും പഞ്ചായത്തിന് പുറത്തേയ്ക്ക് അജൈവ മാലിന്യം നീക്കം ചെയ്യുന്നതിന് പ്രൊജക്ടിൽ തുക വകയിരുത്തിയിരുന്നില്ല. .

**2) സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കാതെ അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ഭീമമായ തുക ചെലവഴിച്ചു .**

ഹരിത കർമ്മ സേന ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ തരം തിരിച്ച് അവ വാങ്ങുവാൻ തയ്യാറുള്ള ക്ലീൻ കേരള കമ്പനി, അതുപോലെ അനുയോജ്യരായ മറ്റുസ്ഥാപനങ്ങൾ എന്നിവയ്ക്ക് വിപണനം ചെയ്യേണ്ട ഉത്തരവാദിത്വം ഹരിത കർമ്മസേനയ്ക്കുണ്ട്. ഇതിൽ നിന്നുള്ള വരുമാനം ഹരിത കർമ്മസേനയുടെ പ്രവർത്തനത്തിന് വിനിയോഗിക്കാവുന്നതാണ്.ക്ലീൻ കേരള കമ്പനിയുമായി കരാർ ഉണ്ടാക്കുന്ന സ്ഥാപനങ്ങളിൽ ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി സ്വന്തം ഉത്തരവാദിത്വത്തിൽ ഏറ്റെടുത്ത് സംസ്കരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. (19.04.2017 ലെ സ.ഉ (സാധ) നം 2420/2017,&കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ ഉത്തരവ് നം 10394-D-2017/KSHO എന്നവ കാണുക) എന്നാൽ 2018-19 വർഷം ശേഖരിച്ച അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ച് സ്വകാര്യ സ്ഥാപനത്തെ ഏൽപിക്കുകയാണുണ്ടായത് . മാലിന്യം നീക്കം ചെയ്യുന്നതിനുള്ള തുക മാത്രമാണ് പ്രസ്തുത സ്ഥാപനം ക്വാട്ട് ചെയ്തത്. അജൈവ മാലിന്യം തരം തിരിച്ച് വെയ്ക്കേണ്ട ചുമതല ഹരിത കർമ്മസേനയ്ക്കുണ്ടെങ്കിലും, ശേഖരിച്ച മാലിന്യങ്ങൾ തരം തിരിച്ച് സൂക്ഷിക്കുവാൻ ഗ്രാമ പഞ്ചായത്തിലെ ഹരിത കർമ്മസേനയ്ക്ക് സാധിച്ചിട്ടില്ല. അജൈവമാലിന്യം തരംതിരിച്ച് വിപണനം ചെയ്തിരുന്നെങ്കിൽ ലഭിക്കുമായിരുന്ന തുകയും അധികൃതരുടെ അനാസ്ഥമൂലം നഷ്ടപ്പെടുകയാണുണ്ടായത് .

തദ്ദേശ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പ്രൊജക്ടുകൾ ഹരിത കേരളം മിഷന്റെ ശുചിത്വ പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കുന്ന രീതിയിലായിരിക്കണം ആവിഷ്കരിക്കേണ്ടതെന്ന് വാർഷിക പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്.ഓരോ പ്രദേശത്തേയും മാലിന്യമുക്തമാക്കുന്നതിനായി ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക, അജൈവമാലിന്യം ശേഖരിച്ച് പുന:ചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവയായിരിക്കണം മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ പൊതു സമീപനം. ഇതിനായി മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുവാനും ഉപകരണങ്ങൾ സ്ഥാപിക്കുവാനും തദ്ദേശ സ്ഥാപനങ്ങൾക്ക് പദ്ധതി ആവിഷ്കരിക്കാം. ഇതുമായി ബന്ധപ്പെട്ട് ആവർത്തനചെലവുകൾ തനത് ഫണ്ടിൽ നിന്നുമാണ് വിനിയോഗിക്കേണ്ടതെന്ന് 29.01.2018 ലെ സ.ഉ (കൈ) നം. 11/2018 തസ്വഭവ ഉത്തരവിലെ ഖ:7.1(സി) 3 ൽ നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ പദ്ധതിമാർഗ്ഗരേഖ, സബ്സിഡി മാർഗ്ഗരേഖ, ഹരിത കേരള മിഷൻ മാർഗ്ഗരേഖ എന്നിവയിൽ മാലിന്യ പരിപാലനം പദ്ധതികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് നല്കിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ അജൈവ മാലിന്യം നീക്കം ചെയ്യുന്നതിന് വികസനഫണ്ടിൽ നിന്നും തുക വിനിയോഗിച്ചത് ക്രമ പ്രകാരമല്ല. സർക്കാർ ഉത്തരവുകൾ കൃത്യമായി പാലിക്കാതെ അജൈവ മാലിന്യ നീക്കത്തിനായി വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 6,27,415 രൂപ ഗ്രാമ പഞ്ചായത്ത് തനത്ഫണ്ടിൽ നിന്നും പിൻവലിച്ച് സഞ്ചിത നിധിയിലേയ്ക്ക് അടവാക്കി രേഖകൾ പരിശോധനയ്ക്ക്

ലഭ്യമാക്കേണ്ടതാണ്. കൂടാതെ സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കാതെ പദ്ധതി നടപ്പാക്കിയതിന് സംസ്ഥാന തല വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ സമിതി മുഖേന സർക്കാരിൽ നിന്നും സാധൂകരണ ഉത്തരവ് ലഭ്യമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. മേൽ നടപടികൾ സ്വീകരിച്ച് അപാകതകൾ പരിഹരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതുവരെ **6,27,415/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.**

**3) ടെണ്ടർ ക്വട്ടേഷൻ നടപടികളിലെ അപാകതകൾ**

മാലിന്യ നീക്കത്തിന് ടെണ്ടർ വിളിക്കുവാൻ 12.6.2018 ലെ ഭരണ സമിതി അജണ്ട 20 തീരുമാനം 1പ്രകാരം തീരുമാനിച്ചിരുന്നുവെങ്കിലും ഇതിനുവിരുദ്ധമായി നിർവ്വഹണ ഉദ്യോഗസ്ഥൻ ക്വട്ടേഷൻ ക്ഷണിക്കുകയാണുണ്ടായത് (AS-219/18 തി.18.6.2018).എന്നാൽ ക്വട്ടേഷൻ മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ചത് സംബന്ധിച്ച് യാതൊരു രേഖകളും ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ഫയലിൽ ലഭ്യമായ 3 ക്വട്ടേഷനുകളിൽ 1$m^3$ ന് 600 രൂപ നിരക്കിൽ ക്വാട്ട് ചെയ്ത ഒലീന മഹിളാ സമാജം കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും സ്ഥാപനം നല്കിയ ക്ലെയിം സ്റ്റേറ്റ് മെന്റിന്റെ (1045.69$m^3$x 600) അടിസ്ഥാനത്തിൽ 6.27 ലക്ഷം രൂപ കൈമാറുകയുമാണ് ചെയ്തത്. ഫയലിൽ ലഭ്യമായ ക്ലെയിം സ്റ്റേറ്റ്മെന്റിൽ വാഹനത്തിന്റെ നമ്പർ രേഖപ്പെടുത്തുകയും അതിന്റെ നീളം ,വീതി ,ഉയരം എന്നിവ കണക്കാക്കി 25000 രൂപ മുതൽ 48000 രൂപ വരെ (42ഘനമീറ്റർ മുതൽ 81 ഘനമീറ്റർ വരെ 18 ലോഡുകൾ) ലോഡുകൾക്ക് നല്കിയിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ ലഭിച്ച സ്ഥാപനം നല്കിയ സ്റ്റേറ്റ്മെന്റല്ലാതെ വാഹനത്തിന്റെ ഇനം, നീളം ,വീതി, ഉയരം എന്നിവ തെളിയിക്കുന്ന ആധികാരിക രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ കയറ്റി അയച്ച ലോഡുകളുടെ അളവ് സാങ്കേതിക ക്ഷമതയുള്ള ഉദ്യോഗസ്ഥരെ നിയോഗിച്ച് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഭരണസമിതിയോ , ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റിയോ ഇതുസംബന്ധിച്ച് പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മേൽ സ്ഥാപനത്തിന് ക്വട്ടേഷൻ നല്കുന്നതിന് മുമ്പ് ക്ലീൻകേരള കമ്പനിയുമായി കത്തിടപാടുകൾ നടത്തിയതായോ ,നിർദ്ദേശങ്ങൾ തേടിയതായോ കാണുന്നില്ല. കൂടാതെ കരാർ നേടിയ സ്ഥാപനത്തിന് തുക നല്കുമ്പോൾ സ്രോതസ്സിൽ നിന്നും നിയമപ്രകാരം ഈടാക്കേണ്ട നികുതികൾ ഈടാക്കിയതായും കാണുന്നില്ല.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നല്കിയ മറുപടിയിൽ അജൈവ മാലിന്യ നീക്കത്തിനായി ക്ലീൻ കേരള കമ്പനിയുമായി ചർച്ച നടത്തിയരുന്നുവെങ്കിലും വൃത്തിയാക്കി തരം തിരിച്ച് മാലിന്യം മാത്രമേ അവർ കൊണ്ടുപോകു എന്നറിയിച്ചതിനാലാണ് മാലിന്യ നീക്കത്തിന് ക്വട്ടേഷൻ വിളിച്ച് തുടർ നടപടികൾ സ്വീകരിച്ചത്. മൈസൂരിലെ സംസ്കരണ കേന്ദ്രങ്ങളിലേയ്ക്കാണ് ലോറികളിൽ മാലിന്യം കൊണ്ടുപോയതെന്നും , 60 ഘനമീറ്റർ വരെ മാലിന്യം ചില ലോറികളിൽ കയറ്റിയിരുന്നതായും , ഇതുമായി ബന്ധപ്പെട്ട് മൈസൂരിലെ സ്ഥാപനത്തിന്റെയും, കരാറെടുത്ത സ്ഥാപനത്തിന്റെയും ഏതു തരം സാക്ഷ്യപത്രങ്ങൾ വേണമെങ്കിലും ഹാജരാക്കാമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സൂചിപ്പിക്കുകയുണ്ടായി .

നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടിയിൽ പരമാവധി 60 ഘനമീറ്റർ വരെ മാലിന്യങ്ങളാണ് കൊണ്ടുപോയതെന്ന് പറയുന്നുണ്ടെങ്കിലും ചുവടെ ചേർത്ത വാഹനങ്ങളിൽ 60 ഘനമീറ്ററിലും അധികം മാലിന്യം കൊണ്ടുപോയതിന് തുക നല്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| തിയതി | വാഹന നമ്പർ | കയറ്റിയ മാലിന്യത്തിന്റെ അളവ് @ $m^3$ | അനുവദിച്ചതുക |
|---|---|---|---|
| 17.10.2018 | TN-23-AK-9243 | 61.75 | 37,050/- |
| 19.10.2018 | KA-09-C-5732 | 81 | 48,600/- |
| 11.11.2018 | KA-09-C-5732 | 75 | 45,000/- |
| 12.11.2018 | KA-01-AA-3364 | 71.68 | 43,008/- |
| 10.12.2018 | KA-09-C-5732 | 75 | 45,000/- |

കൂടാതെ മേൽ പട്ടികയിൽ പരാമർശിച്ച KA-09-C-5732 വാഹനത്തിൽ വ്യത്യസ്ത തിയതികളിൽ കയറ്റിയ മലിന്യത്തിന്റെ അളവിലും പൊരുത്തക്കേടുണ്ട്.

ആയതിനാൽ മാലിന്യനീക്കം സംബന്ധിച്ച് ഭരണ സമിതി തലത്തിൽ (ആവശ്യമെങ്കിൽ മറ്റ് സർക്കാർ ഏജൻസികളെ നിയോഗിച്ച്) വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് നൽകേണ്ടതാണ്. കൂടാതെ വാഹനത്തിൽ ഉൾക്കൊള്ളാവുന്ന അളവ് സംബന്ധിച്ച് മാലിന്യം കൊണ്ടുപോയതായി നിർവ്വഹണ ഉദ്യോഗസ്ഥൻ സൂചിപ്പിച്ച മൈസൂറിലെ സ്ഥാപനം, ബന്ധപ്പെട്ട വാഹന കമ്പനി അധികൃതർ/ ആർ.ടി. ഒ അധികൃതർ എന്നിവരിൽ നിന്നും സാക്ഷ്യ പത്രങ്ങൾ ലഭ്യമാക്കേണ്ടതും , പ്രസ്തുത വിവരങ്ങൾ കരാറെടുത്ത സ്ഥാപനം നല്കിയ ക്ലെയിം സ്റ്റേറ്റ്മെന്റുമായി ഒത്തു നോക്കി ഗ്രാമ പഞ്ചായത്തിന് ഈയിനത്തിൽ നഷ്ടം നേരിട്ടിട്ടുണ്ടെങ്കിൽ ആയത് ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**4) ഹരിത കർമ്മ സേന ശേഖരിച്ച അജൈവ മാലിന്യം/ യൂസർ ഫീ എന്നിവയുടെ കണക്ക് ലഭ്യമാക്കിയിട്ടില്ല.**

2018-19 വർഷം ഹരിത കർമ്മസേന ശേഖരിച്ച വ്യത്യസ്ത അജൈവമാലിന്യങ്ങളുടെ കണക്കുകൾ പ്രത്യേകം എഴുതി സൂക്ഷിക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ ഉത്തരവ് നം 10394-D-2017/KSHO) എന്നാൽ ഇതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ അധികൃതർക്ക് സാധിച്ചിട്ടില്ല. അതുപോലെ ഹരിത കർമ്മസേന ശേഖരിച്ച യൂസർഫീ സംബന്ധിച്ച വരവ് ചെലവ് കണക്കുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**5) കർമ്മസേന ശേഖരിക്കുന്ന അജൈവമാലിന്യം പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നും ശേഖരിച്ച് കൊണ്ടുവരുന്നതിന് വാഹന വാടക നല്കിയത് അപാകതകൾ**

ഹരിത കർമ്മ സേനയ്ക്കാവശ്യമായ വാഹനങ്ങൾ ലഭ്യമാക്കുന്നതിന് തദ്ദേശ സ്ഥാപനം സഹായിക്കേണ്ടതാണെങ്കിലും ഇതിന്റെ ദൈനംദിനചെലവുകളും അറ്റകുറ്റപ്പണികളും അംഗീകൃതവാടകയും ഹരിതകർമ്മസേന വഹിക്കേണ്ടതാണ്. ഹരിത കർമ്മസേന പിരിക്കുന്ന യൂസർ ഫീസും സർക്കാർ നിർദ്ദേശ പ്രകാരം തദ്ദേശ സ്ഥാപനം അനുവദിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ടും ഹരിത കർമ്മസേനയുടെ പ്രവർത്തനത്തിന് ഉപയോഗിക്കാം.( 19.04.2017 ലെ സ.ഉ (സാധ) നം 2420/2017തസ്വഭവ ) എന്നാൽ ഗ്രാമ പഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ പ്രവർത്തനത്തിൽ ഇതു സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് കാണുന്നില്ല. വാഹന വാടകയിനത്തിൽ 99,650 രൂപ തൻ വർഷം വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ) മേൽ ആവശ്യത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ടെങ്കിലും (AS-219/18 തി.18.6.2018) ആയത് പരസ്യപ്പെടുത്തിയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

ബി) ഇതിനായി ലഭിച്ച് മൂന്ന് ക്വട്ടേഷനുകളിലും രേഖപ്പെടുത്തിയ നിരക്കുകളിൽ തിരുത്തൽ വരുത്തിയിട്ടുണ്ട്. കൂടാതെ വാഹനത്തിന്റെ നമ്പർ വിവരങ്ങൾ, ആർസി ബുക്കിന്റെ പകർപ്പ് എന്നിവ ഫയലിൽ ലഭ്യമല്ല

സി) ഏറ്റവും കുറവ് രേഖപ്പെടുത്തിയത് (മധുസൂദനൻ (₹50 /കി.മി) ഭരണസമിതി അംഗീകരിച്ചത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല .

ഡി) ഏറ്റവും കുറവ് രേഖപ്പെടുത്തിയത് മധുസൂദനൻ എന്ന വ്യക്തിയാണെങ്കിലും രണ്ടാമതായി തുക (₹55/കി.മി) ക്വാട്ട് ചെയ്തയാൾക്കും (രാജൻ.കെ)തുക കൈമാറിക്കാണുന്നു .

ഇ) ട്രഷറി ബിൽ നം 6/30.10.2018 പ്രകാരം 62,600 രൂപ പിൻവലിച്ചതിൽ 45,500 രൂപ മധുസൂദനന്റെ അക്കൗണ്ടിലേയ്ക്കും, 17,100 രൂപ രാജൻ.കെയുടെ അക്കൗണ്ടുകളിലേയ്ക്കുമാണ് കൈമാറിയത്. ഇതോടൊപ്പമുള്ള ട്രിപ് ഷീറ്റിൽ 29.9.18 മുതൽ 9.10.18 വരെയുള്ള 11 ദിവസങ്ങളിലായി 906 കി.മി സഞ്ചരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് 906x50 =45,300 രൂപയ്ക്കാണ് അർഹതയെങ്കിലും ഇതിനു പകരം 62,600 രൂപ നല്കിയതുവഴി 17,300 രൂപ വികസന ഫണ്ടിൽ നിന്നും അധികച്ചെലവുണ്ടായിട്ടുണ്ട് . അതുപോലെ ട്രഷറി ബിൽ നം 10/5.2.2019. പ്രകാരം 24,300രൂപ പിൻവലിച്ചതിൽ 17,100 രൂപ മധുസൂദനന്റെ അക്കൗണ്ടിലേയ്ക്കും, 7,200 രൂപ രാജൻ.കെയുടെ അക്കൗണ്ടുകളിലേയ്ക്കുമാണ് കൈമാറിയത്. ഇതോടൊപ്പമുള്ള ട്രിപ് ഷീറ്റിൽ 09.12.2018 മുതൽ 29.12.2018 വരെയുള്ള

6 ദിവസങ്ങളിലായി 374 കി.മി സഞ്ചരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് 374x50 =18,700/- രൂപയ്ക്കാണ് അർഹതയെങ്കിലും ഇതിനു പകരം 24,300 രൂപ നല്കിയതുവഴി 5,600 രൂപ വികസന ഫണ്ടിൽ നിന്നും അധികച്ചെലവുണ്ടായിട്ടുണ്ട്. (ആകെ ₹22,900/-). ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ നല്കിയ മറുപടിയിൽ രാജൻ എന്ന വ്യക്തിക്ക് നല്കിയ തുക മാലിന്യം കയറ്റി- ഇറക്കുന്നതിന് നല്കിയ തുകയാണെന്ന് സൂചിപ്പിക്കുകയുണ്ടായി. എന്നാൽ ഹരിത കർമ്മസേന ശേഖരിക്കുന്ന അജൈവ മാലിന്യം ശേഖരണ കേന്ദ്രത്തിൽ എത്തിക്കുന്നതിന് വാഹന വാടക നല്കാമെങ്കിലും കയറ്റ്-ഇറക്ക് ജോലികൾ ഹരിത കർമ്മസേനയുടെ ചുമതലയാണ്. ആയതിനാൽ വാഹന വാടകയിനത്തിൽ അധികം നല്കിയ തുക കയറ്റിറക്ക് കൂലി നല്കിയതാണെന്ന വാദം അംഗീകരിക്കുവാൻ സാധിക്കുകയില്ല . ആയതിനാൽ ഇയിനത്തിൽ അധികം നല്കിയ **22,900 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.** ഈ തുക ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്. കൂടാതെ ഹരിത കേരള മിഷൻ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ വാഹന വാടകയിനത്തിൽ വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 99,650 രൂപയിൽ മേൽപ്രകാരം നിരാകരിച്ച തുക കിഴിച്ച് അവശേഷിച്ച **76,650രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.** (99,650- 22,900 = 76,750)

ഹരിത കർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ ഹരിത കർമ്മസേനയെ നിയോഗിച്ച് മാലിന്യ ശേഖരണം മാത്രം നടത്തുകയും , ശേഖരിച്ച മാലിന്യം ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിന്നും ഒഴിവാക്കുകയും മാത്രമാണ് ഗ്രാമ പഞ്ചായത്ത് അധികൃതർ ചെയ്തിട്ടുള്ളത് . 19.04.2017 ലെ സ.ഉ (സാധ) നം 2420/2017 തസ്വഭവ ഉത്തരവിന്റെ ഗൗരവം മനസ്സിലാക്കുവാനോ ഇതനുസരിച്ച് തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാനോ നടപ്പിലാക്കുവാനോ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല. മേൽ ഉപഖണ്ഡികകളിൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുവാൻ ഭരണസമിതിതലത്തിൽ സത്വര നടപടികൾ സ്വീകരിച്ച് മറുപടി സമർപ്പിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ.03/30.8.2019)

## 3-3 ജി.എൽ.പി. സ്കൂൾ പെരുമ്പള ശുചിമുറി നിർമ്മാണം- ടെണ്ടർ കിഴിവ് നടത്താതെയാണ് തുക അനുവദിച്ചു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 305/19. |
| പദ്ധതിയുടെ പേര് | ജി.എൽ.പി. സ്കൂൾ പെരുമ്പള ശുചിമുറി നിർമ്മാണം. |
| അടങ്കൽ | 3,00,000/-രൂപ (വികസന ഫണ്ട് പൊതു വിഭാഗം-സാധാരണ വിഹിതം) |
| കരാറുകാരൻ | ശ്രീ. ഖാദർകുഞ്ഞി.എം.ബി. |
| പി.എ.സി | 2,99,140/- രൂപ. |
| എം ബുക്ക് നം | 237/17-18, 28/17-18, 332/17-18 |

ജി.എൽ.പി. സ്കൂൾ പെരുമ്പളയിൽ ശുചിമുറി നിർമ്മിക്കുന്നതിനുള്ള പദ്ധതിക്കായി 17.10.2017 ന് നടന്ന ടെണ്ടറിൽ ചുവടെ പറയുന്ന കരാറുകാർ ടെണ്ടർ സമർപ്പിച്ചിരുന്നു.(വർക്ക് ഫയൽ, ടെണ്ടർ രജിസ്റ്റർ 2017-18 എന്നിവ പ്രകാരം ലഭ്യമായ വിവരം)

| ക്രമ നം | കരാറുകാരന്റെ പേര് | ക്വാട്ട് ചെയ്ത നിരക്ക് |
|---|---|---|
| 1 | ശ്രീ. ഖാദർകുഞ്ഞി.എം.ബി | എസ്റ്റിമേറ്റ് നിരക്കിനേക്കാളും 11.2% കുറവ് |
| 2 | ശ്രീ. മൊയ്തീൻകുഞ്ഞി | എസ്റ്റിമേറ്റ് നിരക്കിനേക്കാളും 10% കുറവ് |

| | | |
|---|---|---|
| 3 | ശ്രീ. ഷാഹിദ്.കെ | എസ്റ്റിമേറ്റ് നിക്കിനേക്കാളും 11.11% കുറവ് |
| 4 | ശ്രീ. ബി.എ. സുബൈർ | എസ്റ്റിമേറ്റ് നിക്കിനേക്കാളും 10.88% കുറവ് |
| 5 | ശ്രീ. ബി. അബ്ദുള്ള | എസ്റ്റിമേറ്റ് നിക്കിനേക്കാളും 10.55% കുറവ് |

26.10.2017 ലെ പഞ്ചായത്ത് തീരുമാനം നമ്പർ 1/1 പ്രകാരം എറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. ഖാദർകുഞ്ഞി.എം.ബി സമർപ്പിച്ച ടെണ്ടർ അംഗീകരിക്കുകയും കരാറുകാനെ പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തു.

പ്രവൃത്തിയുടെ അളവ് പുസ്തകം ( നം 237/17-18) പ്രകാരം 17.11.2017 ന് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. അളവ് പുസ്തകം ( നം 28/17-18, പേജ് നം.18) പ്രകാരം 15.04.2018നാണ് അവസാനമായി അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം രേഖപ്പട്ടുത്തിയ അളവുകളുടെയടിസാഥാനത്തിൽ പാർട്ട് ബില്ല് തയ്യാറാക്കി കരാറുകാന് ചുവടെ പറയും പ്രകാരം 2,35,592/- രൂപ നൽകിയിട്ടുണ്ട്.

| | |
|---|---|
| ആകെ അളവ് മൂല്യം | ₹ 2,53,053/- |
| (-) 5% റിട്ടൻഷൻ | ₹ 12,653/- |
| ആകെ | ₹ 2,40,400/- |
| (-) 1% ആദായ നികിതി | ₹ 2,408/- |
| (-) 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം | ₹ 2,408/- |
| കരാറുകാന് നൽകിയ തുക | ₹ 2,35,592/- |
| ട്രഷറി ബിൽ നം | 49/19 തീയതി:31.08.2018 |

പാർട്ട് ബില്ല് പ്രകാരം കരാറുകാന് 2,35,592/-രൂപ അനുവദിച്ചപ്പോൾ 11.2% ടെണ്ടർ കിഴിവ് നടത്താതെയാണ് തുക അനുവദിച്ചിരിക്കുന്നത്. ആയത് 28,342/ (₹ 2,53,053/- രൂപയുടെ 11.2%) കരാറുകാരന് അധികം അനുവദിക്കുന്നതിനിടയാക്കി.പ്രവൃത്തിക്കായി അധികം ചെലവഴിച്ച തുക 28,342/- രൂപ പ്രവൃത്തിയുടെ അന്തിമ ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2018-19 | 28-06-2019 മുതൽ 29-06-2019 വരെ | കെ.എസ്.എ-കെ.എസ്.ഡി3/613/2019, തീയ്യതി.25-07-2019. |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 425000 | സമഗ്ര നെൽകൃഷി വികസനം | 425000 | 0 |
| | 2018-19 | 85000 | പച്ചക്കറി വികസനം | 85000 | 0 |
| | 2018-19 | 200000 | പാലിയേറ്റീവ് കെയർ | 200000 | |
| | 2018-19 | 1338880 | ലൈഫ് ഭവന പദ്ധതി ജറൽ | 1338880 | 0 |
| | 2018-19 | 500000 | ശാരീരികമാനസികവെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 500000 | 0 |
| | 2018-19 | 150000 | വിദ്യാർത്ഥികളുടെ കായിക മികവ് | 0 | 150000 |
| | 2018-19 | 400000 | ക്ഷീര കർഷകർക്ക് പാൽ വില സബ്സീഡി | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | പാലിയേറ്റീവ് കെയർ സമഗ്ര നെൽകൃഷി വികസനം | 200000 | 0 |
| | 2018-19 | 2726726 | ലൈഫ് ഭവന പദ്ധതി ജറൽ | 2726726 | 0 |
| | 2018-19 | 100000 | ക്ഷീര കർഷകർക്ക് പാൽ വില സബ്സീഡി | 100000 | 0 |
| | 2018-19 | 100000 | ശാരീരികമാനസികവെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 100000 | 0 |
| | 2018-19 | 39063 | ലൈഫ് ഭവന പദ്ധതി | 39063 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി(ഹഡ്കോ വായ്പ ) | സ.ഉ.(എം.സ്)നം. 2278/ തസ്വഭവ.തീയ്യതി.18-08-2018 | 17103274 | - | - | - | 17103274 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേരും | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|
| 207-18 | 2-1 | 1500000 | ഹക്കീംഹസൻ | 118010500057/05-01-2019, 11801011445/14-03-2019 |
| ആകെ | | 1500000 | | |
| 16-07-2019 തീയ്യതിയിലെ 118010000057 രശീതി പ്രകാരം 1,00,000/-രൂപയും ഉൾപ്പെടെ ആകെ 16,00,000/-രൂപ ഒടുക്കിയിട്ടുണ്ട് ബാക്കി 10,67,853/-രൂപ അടവാക്കാനുണ്ട് | | | | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക. നം. | സമാഹൃതറിപ്പോർട്ട് വർഷം, ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2009-10,2010-11 (3.24) | വർഷം 2014-15 , ഖണ്ഡിക നം.6.13 | തൊഴിലുറപ്പ് പദ്ധതിയിലെ കിണർ നിർമാണം | ബഹു:നിയമസഭസമിതിക്ക് മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| 2005-06, 2006-07 ഖണ്ഡിക 3-4, 3-8 | 2010-11 | KSEB ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുവാൻ കാലതാമസം | വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കി ബഹു:നിയമസഭസമിതിക്ക് മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| അവലോകന റിപ്പോർട്ട് | 2013-14 അവലോകന റിപ്പോർട്ട് ഖണ്ഡിക 5.1.5.8 5.1.5.11 | മഴവെള്ള സംഭരണി- ചെലവ് പാഴായി. കുടിവെള്ള പദ്ധതി പൂർത്തിയാക്കാത്തത് | തൽസ്ഥിതി തുടരുന്നു. |
| 2014-15 ഖണ്ഡിക 2-1, 2-2, 2-3 | 2016-17 അനുബന്ധം-4 | തൊഴിൽ നികുതി | തൽസ്ഥിതി തുടരുന്നു. |

# 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 17,47,17,733 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,51,41,042 |
| വരവിനങ്ങളിലുള്ള നഷ്ടം | 11,759 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,01,242 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 53,72,852 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ (രൂപ) | സർചാർജ് ചെയ്യാവുന്നവ (രൂപ) | |
| 2-1(1) | 4,034 | - | എം.ഉണ്ണികൃഷ്ണൻ സെക്രട്ടറി ചെമ്മനാട് ഗ്രാമ പഞ്ചായത്ത് |
| 2-1(2) | 7,725 | - | എം.ഉണ്ണികൃഷ്ണൻ, സെക്രട്ടറി ചെമ്മനാട് ഗ്രാമ പഞ്ചായത്ത് |
| 3-1 | - | 50,000 | ബാബു.എം, അസി.സെക്രട്ടറി ചെമ്മനാട് ഗ്രാമ പഞ്ചായത്ത് |
| 3-2(5) | | 22,900 | ബാബു.എം, അസി.സെക്രട്ടറി ചെമ്മനാട് ഗ്രാമ പഞ്ചായത്ത് |
| 3(3) | | 28,342 | ശ്രീ. ജിഷി. ആർ, അസിസ്റ്റന്റ് എഞ്ചിനീയർ. |
| ആകെ | 11,759 | 1,01,242 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 11,80,000 | ബാബു.എം, അസി.സെക്രട്ടറി ചെമ്മനാട് ഗ്രാമ പഞ്ചായത്ത് |
| 1-19 | 1,08,737 | ബാബു.എം, അസി.സെക്രട്ടറി ചെമ്മനാട് ഗ്രാമ പഞ്ചായത്ത് |
| 1-20 | 12,834 | ബാബു.എം, അസി.സെക്രട്ടറി ചെമ്മനാട് ഗ്രാമ പഞ്ചായത്ത് |
| 1-22 | 1,58,690 | സുരേന്ദ്രൻ.കെ ഹെഡ്മാസ്റ്റർ |
| 1-24 | 20,500 | സുരേന്ദ്രൻ.കെ ഹെഡ്മാസ്റ്റർ |
| 1-27 | 2,40,400 | ശ്രീ. ജിഷി. ആർ, അസിസ്റ്റന്റ് എഞ്ചിനീയർ. |
| 1-28 | 23,97,626 | ശ്രീ.എം.ഉണ്ണികൃഷ്ണൻ , സെക്രട്ടറി |
| 1-29 | 5,00,000 | ശ്രീ.കെ.ടി.റാഷിദ്, സെക്രട്ടറി |
| 3-1 | 50,000 | ബാബു.എം, അസി.സെക്രട്ടറി ചെമ്മനാട് ഗ്രാമ പഞ്ചായത്ത് |
| 3-2(2) | 6,27,415 | ബാബു.എം, അസി.സെക്രട്ടറി ചെമ്മനാട് ഗ്രാമ പഞ്ചായത്ത് |
| 3-2(5) | 76,650 | ബാബു.എം, അസി.സെക്രട്ടറി ചെമ്മനാട് ഗ്രാമ പഞ്ചായത്ത് |
| ആകെ | 53,72,852 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോ,ഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എം.ഉണ്ണികൃഷ്ണൻ , സെക്രട്ടറി | സെക്രട്ടറി , തൃപ്പാങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് , കണ്ണൂർ ജില്ല | പുതിയ മഠം, കൊളേരി പി.ഒ, മട്ടന്നൂർ (വഴി), കണ്ണൂർ ജില്ല , 670702 |
| ബാബു.എം, അസി.സെക്രട്ടറി | സെക്രട്ടറി കുമ്പള ഗ്രാമ പഞ്ചായത്ത് | സാകേതം, കോളിയടുക്കം. പരവനടുക്കം.പി.ഒ, കാസറഗോഡ് ജില്ല. |
| ശ്രീ. ജിഷി. ആർ, അസിസ്റ്റന്റ് എഞ്ചിനീയർ. | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ, മധൂർ ഗ്രാമ പഞ്ചായത്ത് | ഉഷസ്സ്, ജനനി നഗർ, അക്കോലിൽ, കുട്ടികട പീ.ഒ, കൊല്ലം. 691020 |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1991-92 | നം. LF/KSD.1/113/94 തിയതി.24-06-96 | 6 |
| 1987-88 to1990-91 | നം. LF/KSD.5/147/03 തിയതി.22-02-03 | 6 |
| 1992-93to1995-96 | നം. LF/KSD.4/563/07 തീയ്യതി 08.05.08 | 1 |
| 1997-1998 | നം. LF/KSD.5/435/03 തിയതി.05-04-05 | 7 |
| 1998-1999 (plan) | നം. LF/KSD..5/381/04 തിയതി.21-07-06 | 1 |
| 2000-2001(plan) | നം. LF/KSD.5/382/04 തിയതി.21-07-06 | 2 |
| 1999-2000 (plan) | നം. LF/KSD.5/383/04 തിയതി.21-07-06 | 6 |
| 2001-2002 (plan) | നം. LF/KSD.5/834/04 തിയതി.21-07-06 | 4 |
| 1999-2000&1995-1996 | നം. LF/KSD.4/563/07 തിയതിd.21-11-07 | 2 |
| 1999-2000 | നം. LF/KSD.4/564/06 തിയതി.02-07-07 | 4 |
| 2000-2001 | നം. LF/KSD.4/565/06 തിയതി.02-07-07 | 1 |
| 1998-1999 | നം. LF/KSD.8/362/05 തിയതി.05-06-07 | 12 |
| 2001-2002 | നം. LF/KSD.4/537/06 തിയതി.23-07-08 | 16 |
| 2002-2003 | നം. LF/KSD.4/636/07 തിയതി.24-08-09 | 29 |
| 2003-2004 | നം. LF/KSD.4/127/08 തിയതി.06-05-10 | 22 |
| 2004-2005 | നം. LF/KSD.4/128/08 തിയതി.15-07-10 | 11 |
| 2005-2006 | നം. LF/KSD.4/129/08 തിയതി.13-05-10 | 10 |
| 2006-2007 | നം. LF/KSD.4/797/09 തിയതി.06-05-10 | 15 |
| 2007-2008 | നം. LF/KSD.3/178/12 തിയതി.14-05-12 | 14 |

| | | |
|---|---|---|
| 2008-2009 | നം. LF/KSD.3/179/12 തിയതി.20-12-12 | 15 |
| 2009-10 &2010-11 | നം. LF/KSD.6/593/13 തിയതി.08-05-14 | 15 |
| 2011-12 & 2012-13 | നം. LF/KSD.8/715/14 തിയതി.03-02-15 | 20 |
| 2013-14 | നം. LF/KSD.8/659/2015 തീയ്യതി. 07.10.2015 | 13 |
| 2014-15 | നം. KSA/KSD.7/734/2016 തീയ്യതി, 19.07.2016 | 15 |
| 2015-16 | നം. KSA/KSD.6/1081/2016 തീയ്യതി, 30.11.2016 | 19 |
| 2016-17 | നം. KSA/KSD.6/680 /2017തീയതി.23.06.2017 | 23 |
| 2017-18 | നം. KSA/KSD.6/1379 /2018 തീയതി.11.12.2018 | 37 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് .

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# <u>അനുബന്ധം-I ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചെമ്മനാട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

തീയ്യതിഃ 06-11-2019.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# അനുബന്ധം -2 റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Chemmanad Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 33984128.00 |
| Cash | Cash | RP-40(a) | 228010.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 2009540.00 |
| 130000000 | Rental income from Panchayat Properties | RP-3 | 3000.00 |
| 140000000 | Fees & User Charges | RP-4 | 1711468.00 |
| 150000000 | Sale & Hire Charges | RP-5 | 2201689.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 70935626.00 |
| 171000000 | Interest Earned | RP-9 | 198997.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 14362232.00 |
| 350000000 | Other Liabilities | RP-36 | 11444710.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 10803.00 |
| 312000000 | Reserves | RP-30 | 0.0 |
| 330000000 | Secured Loans | RP-32 | 17103274.00 |
| 340000000 | Deposits Received | RP-34 | 30697.00 |
| 350000000 | Other Liabilities | RP-36 | 450090.00 |
| | | | |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-43 | 52851841.00 |
| 460000000 | Loans, Advances and Deposits | RP-47 | 1403766.00 |
| | **Grand total** | | **208929871.00** |
| | PAYMENTS | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3471329.00 |
| 220000000 | Administrative Expenses | RP-12 | 1321124.00 |
| 230000000 | Operations & Maintenance | RP-13 | 2669203.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 8131206.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 33088847.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1494241.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 257283.00 |
| | | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 1076436.00 |
| 255000000 | Maintenance Projects | RP-20 | 15374787.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 500000.00 |
| 280000000 | Prior Period item | RP-26 | -526513.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 150818.00 |
| 350000000 | Other Liabilities | RP-36 | 16793789.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 59972.00 |
| 280000000 | Prior Period Item | RP-26 | -5460.00 |
| 340000000 | Deposits Received | RP-34 | 19312.00 |
| 350000000 | Other Liabilities | RP-36 | 2393470.00 |
| 410000000 | Fixed Assets | RP-38 | 6565642.00 |
| 412000000 | Capital work in Progress | RP-40 | 3291306.00 |
| 440000000 | Pre-paid Expenses | RP-45 | 17103274.00 |
| 460000000 | Loans, Advances and Deposits | RP-47 | 1910976.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 93383287.00 |
| Cash | Cash | RP-40(b) | 405542.00 |
| | **Grand Total** | | **208929871.00** |

# അനുബന്ധം -3 ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Chemmanad Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 10701847.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 505057.00 |
| 140000000 | Fee & User Charges | I-4(b) | 2005518.00 |
| 150000000 | Sale & Hire Charges | I-5(b) | 2201689.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 184223844.00 |
| 171000000 | Interest Earned | I-8 | 198997.00 |
| 180000000 | Other Income | I-9 | 10803.00 |
| | **Total Income** | | **199847755.00** |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9609315.00 |
| 220000000 | Administrative Expenses | I-11(b) | 1321124.00 |
| 230000000 | Operations & Maintenance | I-12(b) | 3202943.00 |
| 240000000 | Interest & Finance Charges | I-13 | 59972.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8975396.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 70920636.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1744122.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 257283.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 74651336.00 |
| 255000000 | Maintenance Projects | I-14(e) | 15374787.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 500000.00 |
| 272000000 | Depreciation | I-17(a) | 2534679.00 |

| | | | |
|---|---|---|---|
| | **Total Expenditure** | | **189151593.00** |
| | **Gross Surplus/ Deficit of income over Expenditure** | | **10696162.00** |
| 280000000 | Prior Period Item | I-18 | 791417.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **9904745.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# <u>അനുബന്ധം -4 ബാലൻസ് ഷീറ്റ്</u>

| Chemmanad Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 88684417.37 |
| | | | |

| | | | |
|---|---|---|---|
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 47088392.00 |
| | **Total Reserve & Surplus** | | **135772809.37** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8750538.00 |
| | **Total Grants, Contributions for Specific Purposes** | | **8750538.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 17103274.00 |
| | **Total Loans** | | **17103274.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 699332.00 |
| 350000000 | Other Liabilities | B-9 | 3901458.18 |
| | **Total Current Liabilities and Provisions** | | **4600790.18** |
| | TOTAL LIABILITIES | | **166227411.55** |
| | ASSETS | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 65888061.00 |
| 411000000 | Accumulated Depreciation | B-11 | -16171713.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | **Total Fixed Assets** | | **49716348.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 4226327.55 |
| 440000000 | Pre-paid Expenses | B-16 | 17103274.00 |
| 450000000 | Cash and Bank Balance | B-17 | 93788829.00 |
| 460000000 | Loans, Advances and Deposits | B-18 | 1392633.00 |
| | **Total Current Assets, Loans and Advances** | | **116511063.55** |
| | **Other Assets** | | |

| | |
|---|---|
| **Miscellaneous Expenditure (To the Extent not written off)** | |
| TOTAL ASSETS | **166227411.55** |